little KITEs

# BVJM HIGHER SECONDARY SCHOOL

PERUMPADAVE





# e മൊഴി

e-മാഗസിൻ

little KITEs

# e മൊഴി

e-മാഗസിൻ

## 2018-19

# ആമുഖം

2018 ജനുവരി 22 ന് കേരളത്തിന്റെ ബഹുമാനീയനായ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത കുട്ടികളുടെ ഐ.ടി കൂട്ടായ്മയാണ് 'ലിറ്റിൽ കൈറ്റ്സ്'.ഇതിന്റെ ഒരു മികച്ച പ്രവർത്തനം എന്നവണ്ണം ബി.വി.ജെ.എം ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പുറത്തിറക്കുന്ന മാഗസിനാണ് 'E മൊഴി'.സ്കൂളിലെ പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ കഴിവുകൾ ഉൾപ്പെടുത്തിയിരിക്കുന്ന ഈ മാഗസിൻ വളരെ ആസ്വാദനപ്രദമാണ്.കുട്ടികളിൽ മറഞ്ഞിരിക്കുന്ന സർഗവാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ പഠനപ്രവർത്തനത്തോടൊപ്പം വിദ്യാലയങ്ങളിൽ നടക്കാറുണ്ട്.ഐ.ടി സാധ്യതകൾ ജീവിതത്തിന്റെ സമസ്തമേഖലകളേയും സ്വാധീനിക്കുന്ന ഈ കാലഘട്ടത്തിൽ ലിറ്റിൽ കൈറ്റ്സ് 'E മൊഴി' എല്ലാവർക്കുമായി സമർപ്പിക്കുന്നു......

# e-മൊഴി പത്രാധിപസമിതി

| | | |
|---|---|---|
| ചെയർമാൻ | : | രാധാകൃഷ്ണൻ. പി |
| വൈസ് ചെയർമാൻ | : | ബിന്ദു വർഗ്ഗീസ് |
| കൺവീനർ | : | ആകാശ് സുരേഷ് |
| ജോയിൻ കൺവീനർ | : | സാന്ദ്രാ ഷാബു |
| ചീഫ് എഡിറ്റർ | : | ജിന്റോ ജെയിംസ് |
| അസോസിയേറ്റ് എഡിറ്റർ | : | ജോയൽ ജോസഫ് |
| സമിതിഅംഗങ്ങൾ | : | അലൻ ജോയി |
| | | അർജ്ജുൻ മനോജ് |
| | | അൽനാ സെബാസ്റ്റ്യൻ |
| | | ശ്രീഷ്ണാ ശ്രീധരൻ |
| | | സ്വാതി വൽസൻ |
| | | അമിതാ മോൾ |
| | | റെന. പി |
| | | റുബീന. കെ |
| | | ദിയാ പ്രകാശ്. ടി.വി |
| | | ശീതൾ ക്രിഷ്ണ |
| | | ഐശ്വര്യാ സോജൻ |
| | | ഫത്തിമാ സുഹറ |
| | | മുഷ്റബി. എം |
| | | കുഞ്ഞാമിന. ഒ.പി |
| | | ഫാത്തിമത്തുൾ നജ്ല. കെ.പി |
| | | ഫാത്തിമത്ത് സന. ഒ.വി |
| | | അന്നാ മരിയാ |
| | | ഷംന പി.പി |

# സന്ദേശം

ചരിത്രം കൽപടവുകനൾ പണിയുന്നു. മണ്ണിൻെറ സംസ്കാരവും അഭിവൃദ്ധിയും ജീവിതങ്ങളെ പുതുവഴികളിലേക്ക്തിരിച്ചുവിടുന്നു . അക്ഷരങ്ങളുടെ ലോകത്ത് ഒതുങ്ങിയ തലമുറയ്ക്ക് മുന്നിൽ ആധുനിക സാങ്കേതികയുടെ വാതായനങ്ങൾ തുറക്കപ്പെട്ടപ്പോൾ എല്ലാം വിസ്മയകാഴ്ച്ചകളായ് .

ബി.വി.ജെ.എം.ഹയർസെക്കൻണ്ടറി സ്കൂൾ വിദ്യാർത്ഥികൾ നവ മാധ്യമങ്ങളെ ഫല പ്രദമായി ഉപയോഗപ്പെടുത്തി അണിയിച്ചൊരുക്കിയതാണ് "ഇ-മൊഴി എന്ന ഇ-മാഗസിൻ" ഇതിലെ ഓരോ വരിയും വരയും സംഘബോധത്തിൻെറയും കൂട്ടായ്മയുടേയും സൃഷ്ടിയാണ്. ഇതിൻെറ പിന്നിൽ ഒത്തുചേർന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രോത്സാഹനവും പ്രചോദനവുമായി കൂടെ നിന്ന അദ്ധ്യപകർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ നേരുന്നു. സഹകരണത്തിൻെറ മന്ത്രധ്വനികളും, വിലയിരുത്തലുകളുടെ ഗുണനപട്ടികയും പ്രോത്സാഹനത്തിൻെറ നറും പാലും വളർച്ചയുടെ മഹാത്ഭുതങ്ങളും നോക്കി കാണുന്ന ഇത്തരം മാഗസിനുകൾ ഇനിയും വെളിച്ചം കാണട്ടെ എന്ന് ആശംസിക്കുന്നു.

**റവ : ഫാദർ ഫിലിപ്പ് ഇരുപ്പക്കാട്ട്**

**മാനേജർ, ബി.വി.ജെ.എം ഹയർസെക്കൻണ്ടറി സ്കൂൾ പെരുമ്പടവ്**

# Message

My dear Little Kites,

Warm greetings from your Head Mistress.
I am very proud that you are going to release a magazine at the threshold of the New Year.
Plan and implement tasks for the betterment of the society through your own personal development. We become richer and beautiful by the reflection of our thoughts and actions .This attempt provides you all an authentic opportunity to learn more and it will also help you gain real life experience.
I congratulate the teachers who moulded and supported you by providing personal attention. I also extend my gratitude to Bindhu teacher and Radhakrishnan sir for their whole hearted service.

With warm regards and best wishes.

Mollyamma V.J
Headmistress
B V J M H S S PERUMPADAVE

# Message

It is immense pleasure for me to know that B.V.J.M.H.S.S 'Little Kites' team is going to publish a magazine which ensures the enrichment of each student to express their skill and talent through this scheme of work.

I hope and wish let the 'Little Kites' team members be the ambassadors of this prestige institutions.

Warm regards and well wishes from

Principal and staffs

HSS Section

ഉള്ളടക്കം

അഗതികളുടെ അമ്മ.....................................................................8
മഴയേ മഴയേ നീ തന്നെ ..................................................................... 9
ചാവറയച്ചൻ.....................................................................10
മീനാക്ഷിയുടെ അഹങ്കാരം.....................................................................12
കുഞ്ഞുപൂവേ.....................................................................13
ഇറച്ചിവിൽപ്പനക്കാരൻ.....................................................................15
കാത്തിരിപ്പോടെ.....................................................................17
താരകം.....................................................................20
ജീവിത പാതയിലൊരു ദീപം.....................................................................23
പുഴ പറയുന്നത് .....................................................................27
First Flight.....................................................................28
ഓർമയിലെ കൈതാങ്ങ്.....................................................................31
ദൈവത്തിന്റെ മുഖമുള്ള വൃദ്ധൻ.....................................................................34
ജീവിതം ഒരു പരീക്ഷ.....................................................................36
ഒരു തിരിഞ്ഞുനോട്ടം.....................................................................38
അഭയം.....................................................................41
മഴ.....................................................................45
mobile phone.....................................................................46
സ്വപ്നത്തിലെ മാലാഖ.....................................................................49
The flower.....................................................................51
മലയാളത്തിലെ സുവർണ കഥകൾ.....................................................................52
സൗഹൃദം.....................................................................55
ഭയം.....................................................................57
Taj mahal.....................................................................60
അമ്മതന്നുണ്ണി.....................................................................62
പരിസ്ഥിതി സൗഹൃദ വികസനം.....................................................................64
മിഴിനീർ നൽകിയ കഥ.....................................................................68
മരിക്കുന്ന കർഷകൻ.....................................................................70
തളിരിടുന്ന കാലം.....................................................................71
മാതൃക.....................................................................75

# അഗതികളുടെ അമ്മ

ജിതിൻ മാത്യു



ജീവിതം അവസരമാണ്,അത് ഉപയോഗിക്കുക

ജീവിതം സുന്ദരമാണ്, അത് ആസ്വദിക്കുക.

ജീവിതം അനുഗ്രഹമാണ് ,അത് രുചിക്കുക

ജീവിതം സ്വപ്നമാണ്,അത്,സഫലമാക്കുക

ജീവിതം വെല്ലുവിളിയാണ്, അത് നേരിടുക

ജീവിതം കർത്തവ്യമാണ്:അത് നിർവ്വഹിക്കുക

ജീവിതം കളിയാണ്:അത് കളിക്കുക

ജീവിതം അമൂല്യമാണ്:ശ്രദ്ധിച്ച് ഉപയോഗിക്കുക

ജീവിതം സമ്പത്താണ് :അത് സംരക്ഷിക്കുക

ജീവിതം മഹാരഹസ്യമാണ് :അത് മനസിലാക്കുക

ജീവിതം വാഗ്ദാനമാണ്:അത് നിറവേറ്റുക

ജീവിതം ദു;ഖമാണ്:അത് അതിജീവിക്കുക

ജീവിതം ഗാനമാണ്:അത് അലപിക്കുക

ജീവിതം സമരമാണ് :അംഗികരിക്കുക

ജീവിതം ദുരന്തമാണ് : നേരിടുക

ജീവിതം സഹനമാണ് : അഭിമുഖിരിക്കുക

ജീവിതം ഭാഗ്യമാണ്:അത് സ്വന്തമാക്കുക

ജീവിതം അനർഘമാണ്: നശിപ്പിക്കാതിരിക്കുക

ജീവിതംജീവനാ:അത് സംരക്ഷിക്കുക

# മഴയേ മഴയേ
# നീ തന്നെയേ!

മേഘത്തിനുണ്ടൊരു കൂട്ടുകാരി മണി
ത്തുശിപോലുള്ളൊരു കൂട്ടുകാരി.
ആകാശമേ നിൻ ബന്ധുവോ അവളീ
പാരിന്റെ മക്കൾതൻ അനുഗ്രഹമോ?
മന്നിന്റെ രക്ഷാകവചമാണിന്നുമീ
ലോകർക്കനുഗ്രഹ മാരിയാണ്.
ഈശ്വരൻ സൃഷ്ടി കൊടുത്തതാവാം
അതിനെല്ലാമനുഗ്രഹമൊന്നുപോലെ
മണ്ണിനും വിണ്ണിനും നിറമൊന്നുമാത്രം.
സൗന്ദര്യമെന്ന അനുഭൂതിയും
എങ്കിലും നീയേ പ്രഭയാർന്നു നിൽപ്പൂ.
മഴയേ മഴയേ നീതന്നെയേ!



അനീന പി ബി
10-A

# ചാവറയച്ചൻ ക്രാന്തദർശിയായ വിദ്യാഭ്യാസ പ്രവർത്തകൻ




വിദ്യാഭ്യാസം മൂല്യബോധമുള്ള തലമുറയെ സൃഷ്ടിക്കും എന്ന ദർശനത്തിൻെറ അടിത്തറയിലാണ ചാവറയച്ചൻെറ വിദ്യാഭ്യാസനയങ്ങൾ രൂപംകൊണ്ടത്. കേരളസമൂഹത്തിനു ചാവറകുര്യാക്കോസ് ഏലിയാസച്ചൻെറ ഏറ്റവും വലിയ സംഭാവന വിദ്യാഭ്യാസ മേഖലയിലായിരുന്നു. അതു പുരുഷനെന്നോ,സ്ത്രീയെന്നോ,ദളിതനെന്നോ,സവർണനെന്നോ ഭേദമില്ലാതെ എല്ലാവർക്കും വിദ്യാഭ്യാസം ലഭ്യമാക്കണം. ആകർഷഭാരതത്തിൻെറ ആധ്യാത്മിക സമ്പത്ത് എല്ലാ ജനവിഭാഗങ്ങളും ഉൾക്കൊള്ളണമെന്ന ഉദ്ദേശ്യത്തോടെയാണ് മന്നാനത്തുസംസ്കൃതവിദ്യാലയം തുടങ്ങിയത്. അതാണ് ചാവറയച്ചൻ സ്ഥാപിച്ച ആദ്യത്തെ സ്കൂൾ.

ആശാൻ കളരികളും കുടപ്പള്ളിക്കൂടങ്ങളുമായിരുന്നു അക്കാലത്തെ വിദ്യാകേന്ദ്രങ്ങൾ. തിരുവിതാംകൂറിൽ വിദ്യാഭ്യാസമെന്ന പ്രസ്ഥാനം

നിയതരൂപത്തിൽ ആരംഭിക്കുന്നത് 19-ാം നൂറ്റാണ്ടിൻെറ പൂർവ്വാദ്ധത്തിലാണ്. കേരളചരിത്രത്തിൽ പ്രഫ. എ. ശ്രീധരമേനോൻ ഇക്കാര്യം പ്രസ്താപിക്കുന്നുണ്ട്. തിരുവിതാംകൂറിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചത് സ്വാതിതിരുനാളിൻെറ കാലത്താണ്. 1836 ൽ അത് രാജാസ് ഫ്രീ സ്കൂളായിമാറി. അതിനു 10 വർഷങ്ങൾക്കുശേഷമാണ് ചാവറയച്ചൻ മന്നാനത്തുസംസ്കൃതവിദ്യാലയം തുടങ്ങുന്നത്. ഏതു ജാതിയിലും മതത്തിലുംപ്പെട്ടവർക്ക് അവിടെ സംസ്കൃതാഭ്യസനം നടത്താമെന്നത് അന്നത്തെ സാമൂഹ്യാന്തരീക്ഷത്തിൽ എത്ര വലിയ വിപ്ലവമായരുന്നുമെന്ന് ചരിത്രകാരൻമാർ പലതുംവിട്ടുപോയി.വിദ്യാഭ്യാസപ്രവർത്തനങ്ങൾ കേരളത്തിൽ തുടങ്ങുന്ന ആകാലഘട്ടത്തിൽ അതിന്റെ പ്രയോജനം സമൂഹത്തിൽ ചിലർക്കുമാത്രമായി പരിമിതപ്പെട്ടിരുന്നു. ആ സാഹചര്യത്തിലാണ് ചാവറയച്ചന്റെ വിദ്യാഭ്യാസ സേവനങ്ങൾ സാമൂഹികപരിഷ്കരണത്തിന്റെ കൂടി ചാലശക്തിയായി മാറിയത്. സംസ്കൃത ഭാഷാപഠനത്തിന് അദ്ദേഹം നൽകിയ പ്രാധാന്യം അധ:സ്ഥിത സമൂഹങ്ങളെ കൂടുതൽ ഉന്നതമായ സംസ്കാരത്തിലേക്കും ആശയത്തിലേക്കും വളർത്താനുള്ള ശ്രമത്തിന്റെ ഭാഗമായി കണക്കാക്കാം. മാതൃഭാഷ പഠിക്കുന്നതിനോടൊപ്പം തന്നെ അന്നു സാഹിത്യവും,ശാസ്ത്രങ്ങളും വിശദമായി പഠിക്കാൻ സാധ്യത തുറക്കുന്ന സംസ്കൃതത്തിലും എല്ലാ ജനവിഭാഗങ്ങളും നേടണമെന്നു ദീർഘവീക്ഷണമുള്ള ആ ക്രാന്തദർശിആഗ്രഹിച്ചു.അക്ഷരം പഠിക്കുന്ന അധ:കൃതന്റെ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കണം എന്നുപറഞ്ഞിരുന്ന ഒരുകാലഘട്ടത്തിലായിരുന്നു ചാവറയച്ചൻ ദളിത് വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയത്. ഒരു വിഭാഗം ജനങ്ങൾ എന്നും കീഴാളൻമാരായി തുടരണമെന്ന തരത്തിലുള്ള സാമൂഹ്യ ആചാരങ്ങൾ അന്ന് നിലനിന്നിരുന്നു. വിദ്യാഭ്യാസത്തിലൂടെ ഈ അവസ്ഥയ്ക്കു വലിയ മാറ്റമുണ്ടാക്കാനാകുമെന്നു ചാവറയച്ചന് ഉറപ്പുണ്ടായിരുന്നു.

**സിസ്റ്റർ ബിൻസി മാത്യു**

# മീനാക്ഷിയുടെ അഹങ്കാരം



പതിവുപോലെ അന്നും ഇടവഴിയിലേക്ക് കടക്കുകയാണ് മീനാക്ഷി. പിന്നിൽ പതിവുപോലെ അപ്പുവും സഹോദരിമാരും ഉണ്ടായിരുന്നു. അവർ നേരമ്പോക്കുപറഞ്ഞ് ചിരിക്കുകയായിരുന്നു.

"ഏ മീനാക്ഷി റോഡീന്ന് മാറിക്കോ. ഒരു കെ.എസ്.ആർ.ടി.സി വരുന്നുണ്ട്" ഗായത്രി വിളിച്ചു പറഞ്ഞു. മീനാക്ഷി കേട്ട ഭാവം നടിച്ചില്ല. അഹങ്കാരത്തോടെ കുറച്ചുകൂടി റോഡിലേക്ക് കയറി നിന്നു. ദൂരെനിന്ന് ബസ്സ് വരുന്നത് കണ്ട് ഗായത്രിയും മീനുവും ഓടിച്ചെന്ന് മീനാക്ഷിയുടെ കൈ പിടിച്ച് റോഡരി കിലേക്ക് തള്ളി. "എന്റെ കൈ വിട്" എന്ന് പറഞ്ഞ്തീരുംമുമ്പേ ബസ്സ് അവളെ തൊട്ടുതൊട്ടില്ലാന്ന് കടന്നു പോയി. "നന്ദിയുണ്ട് കൂട്ടുകാരേ. ഞാൻ നിങ്ങളെ ഒരുപാട് കളിയാക്കിയിട്ടുണ്ട്. ക്ഷമിക്കണം."

"സാരമില്ല മീനാക്ഷി. ഞങ്ങൾ അതൊക്കെ അന്നേ ക്ഷമിച്ചു". അവളുടെ പുറത്ത് തലോടി ഗായത്രി പറഞ്ഞു. ശേഷമുള്ള നാളുകൾ അവർ നല്ലചങ്ങാതിമാരായകഴിഞ്ഞു.

**മുഷ്റാബി**

# കുഞ്ഞുപൂവേ



**മുറ്റത്തെ ഇത്തിരിമണ്ണിൽ**
**നിൽക്കുന്ന പൂവേ**
**നിൻെറയൊരാശ നീ ഇന്നെന്നോട്**
**ചൊല്ലുകില്ലേ**
**നീ പൊന്നാലെന്നാൽ കഴിവതു**
**ഞാൻ പെയ്യു നൽകാം**

എൻ കുഞ്ഞുപൂവേ എൻെറയൊരാശ
ഞാനിന്നു നിന്നോട് ചൊല്ലിടട്ടേ
കുഞ്ഞുപൂവേ എൻെറയൊരാശ
ഒരുനാളെങ്കിലും നീയായി ജീവിക്കുക
എന്നതാണ്

വെയിലേറ്റുവാടിതളർന്നൊരു ശലഭത്തിന്

മധുരമൂറും തേൻതുള്ളി ഏക്കാൻ
കഴിഞ്ഞിരുന്നെങ്കിൽ
നിന്നെകാണുന്നന്നേരം എൻമുഖം
ഞാൻ പോലുമറിയാതെ പുഞ്ചിരിക്കുന്നു

ന്നിന്നിലെ പൊലിയാത്ത വർണ്ണവും
സുഗന്ധവും നൈർമല്യവുമെന്നിലുമുണ്ടാ-
യിരുന്നെങ്കിൽ
ഒരുനേരമെങ്കിലും മറ്റുള്ളോരാൾക്ക്
ഒരു തെല്ലാനന്ദമെന്നാൽ ഏകാൻ
കഴിഞ്ഞിരുന്നെങ്കിലാശിക്കയാണിന്നുഞാൻ

**ആവണി എസ് ബിജു**

**10–A**

# ഇറച്ചിവിൽപ്പനക്കാരൻ



അവൻ ഒരു ഇറച്ചിവിൽപ്പനക്കാരനാണ്.പേര് കോയ. ഭാര്യയും ഇരട്ടക്കുട്ടികളായ രണ്ട് ആൺ മക്കളുമടങ്ങുന്ന കൊച്ചുകുടുംബം. ഇരുൾനിറഞ്ഞ ജീവിതത്തിലും അവൻ സമാധാനിക്കുന്നത് നക്ഷത്രങ്ങളാകുന്ന അവൻെറ മക്കളെയോർത്താണ്. എന്നും രാവിലെ കോയ തൻെറ സൈക്കിളുമെടുത്ത് അങ്ങാടിയിലേക്കിറങ്ങും ഇറച്ചി വിൽക്കാനായി. പക്ഷേഅവൻ പ്രതീക്ഷിക്കുന്ന വരുമാനമൊന്നും അവന് ലഭിക്കാറില്ല. എങ്കിലും അന്നന്നത്തെ അടുപ്പുപുകയ്ക്കാൻ അവൻ രാപകലില്ലാതെ അധ്വാനിക്കും . ഏതൊക്കെയോ വഴിയിലൂടെ.ഒരു ദിവസം ഒരു ഉമ്മ അവനോട് ചോദിച്ചു " അല്ല കോയ , അനക്ക് അങ്ങനെയൊക്കെ നടന്നാ മതിയാ. മക്കളൊക്കെ വളരും. ആ"അപ്പോഴും കോയ പ്രതീക്ഷവിടാതെ ചെറുപിഞ്ചിരിയോടെ ഉമ്മയോട്പറയും . “ ആഗ്രഹമില്ലാഞ്ഞിട്ടാണോ, പടച്ചവൻ എല്ലാം തീരുമാനിച്ചിട്ടുണ്ട് " ആ മക്കൾ ഇപ്പോൾ +2 വിനാണ് പഠിക്കുന്നത് . നല്ലപോലെ പഠിക്കും . വൈകാതെ അവരുടെ റിസൾട്ട് വന്നു.രണ്ട് പേർക്കും തൊണ്ണൂറ് ശതമാനത്തിൻമുകളിൽ മാർക്കുണ്ട്. കോയയ്ക്ക് സന്തോഷം

അടക്കാനായില്ല. അവൻ എല്ലാവർക്കും മധുരം നൽകി.മക്കൾ ഒന്നും ഉപ്പയോട് ആവശ്യപ്പെട്ടില്ലെങ്കിലും അവൻഅവർക്ക് വാച്ചുകൾ വാങ്ങി നൽകി. മക്കൾക്ക് തുടർന്ന് ഡോക്ടറാകാനാണ് ആഗ്രഹം. കോയ ബാങ്കിൽ നിന്നും ലോണെടുത്ത് മക്കളെ പഠിപ്പിച്ച് ജോലിക്കയച്ചു. ഇവിടെ അടുത്തൊന്നുമല്ല . മുംബൈ പട്ടണത്തിൽ. കാണുന്നവരെല്ലാവരും പറയും നിനക്ക് രണ്ട് ഡോക്ടർമാർ വരുവാണല്ലോ വീട്ടിലേക്ക്.കോയക്ക് ആഗ്രഹങ്ങൾ ഒത്തിരിയുണ്ട്.പക്ഷേ അതിനേക്കാൾ ഉപരി അവന് മക്കളുടെ ഒരു കത്ത് വായിക്കണമെന്നാണ്.പോയിട്ട് വളരെക്കലമായി. പക്ഷേ ഇതുവരെ ഒരു കത്ത് പോലും അയച്ചില്ല.വൈകാതെ അവരുടെ കത്തു വന്നു.കത്തിൽ അവർക്ക് സുഖമാണെന്നും ,ബാങ്കിലെ ലോൺ അടച്ചു തീർത്തെന്നും പറഞ്ഞ് കത്ത് അവസാനിച്ചു.പക്ഷേ ആ കത്തിൽ ഉപ്പയേയും ഉമ്മയേയും അവർ ചോദിക്കുന്നില്ല.എങ്കിലും കോയയ്ക്കും ഭാര്യയ്ക്കും സന്തോഷമായി.തന്റെ പ്രിയപ്പെട്ട മക്കൾക്ക് സുഖമാണല്ലോ.പിന്നീട് അവരെക്കുറിച്ച് ഒരു വിവരവുമില്ല.അവർ ഇപ്പോൾ വർണ്ണങ്ങളുടെ ലോകത്ത് ജീവിക്കുന്നു. അതിനാൽ നിറം മങ്ങിയ ഉപ്പയ്ക്കും ഉമ്മയ്ക്കും അവിടെ പ്രാധാന്യമില്ല. ആളുകൾ ചോദിക്കുമ്പോഴൊക്കെ കോയ ഇങ്ങനെ പറയും . "ഇന്നും കത്തയച്ചു അവർ.അവർക്ക് ഞമ്മളെ കാണാഞ്ഞിട്ട് ഒറക്കല്ലന്നേ, എങ്കിലും ഭയങ്കര തിരക്കാ.പൈസീം അയച്ചു തരും."ഉള്ളിൽ നിറ കണ്ണുകളാൽപുറത്ത് പുഞ്ചിരി കാട്ടിഅവൻ പറയും. ഇന്നും കോയ തന്റെ സ്വപ്നങ്ങൾ ഉള്ളിലൊതുക്കി അന്നന്നത്തെ അടുപ്പുപുകയ്ക്കാൻ അവൻ ഇറച്ചി വിൽപ്പനക്കാരനായി അലയുന്നു. ജീവിത യാത്രസഫലമാക്കാൻ.

അനന്യ പി

# കാത്തിരിപ്പോടെ വൃദ്ധമന്ദിരത്തിൽ



ഒടുവിലായ് കാത്തിരിപ്പൂ ഞാനീ
അഴികൾ പിടിച്ചൊട്ടുനിൽക്കയായ്
ഞാനെൻ മനസിൻ ഭാരം
ആരോടുചൊല്ലാൻ ആരുകേൾപ്പാൻ
എൻ അനുഭവങ്ങളാണിവർക്കെല്ലാം
അല്ല, ഇവരൊക്കെ ഞാൻ തന്നെയാണ്
എത്ര നാളായ് ഞാൻ കാത്തിരിപ്പൂ
എൻ കൊച്ചുമക്കളെ കാണാനില്ല
പണ്ടെന്നെ വിട്ടുപിരിയാത്തൊരെന്നുണ്ണി-
ഇന്നോ, എന്നെ തനിച്ചാക്കി പോയിടുമ്പോൾ
പണ്ട് ഞാൻ ഓർക്കുന്നു ഞാനുമെൻ സോദരും

മാതാവിനെ കൊണ്ടുചെന്നതള്ളിടുമ്പോൾ
അന്ന് ഞാൻ ഓർത്തില്ല ആ ക്രൂരത
ഇന്നെന്നെ വന്ന് ഞെരുക്കുമെന്ന്
അമ്മേ ക്ഷമിക്കു ഞാനിന്നനുഭവിക്കുന്നു
നിൻ വേദനയും ദു:ഖവുംഒടുവിലായ് കാത്തിരിപ്പൂ ഞാനീ
അഴികൾ പിടിച്ചൊട്ടുനിൽക്കയായ്
ഞാനെൻ മനസിൻ ഭാരം
ആരോടുചൊല്ലാൻ ആരുകേൾപ്പാൻ
എൻ അനുഭവങ്ങളാണിവർക്കെല്ലാം
അല്ല, ഇവരൊക്കെ ഞാൻ തന്നെയാണ്
എത്ര നാളായ് ഞാൻ കാത്തിരിപ്പൂ
എൻ കൊച്ചുമക്കളെ കാണാനില്ല
പണ്ടെന്നെ വിട്ടുപിരിയാത്തൊരെന്നുണ്ണി-
ഇന്നോ, എന്നെ തനിച്ചാക്കി പോയിടുമ്പോൾ
പണ്ട് ഞാൻ ഓർക്കുന്നു ഞാനുമെൻ സോദരും
മാതാവിനെ കൊണ്ടുചെന്നതള്ളിടുമ്പോൾ
അന്ന് ഞാൻ ഓർത്തില്ല ആ ക്രൂരത
ഇന്നെന്നെ വന്ന് ഞെരുക്കുമെന്ന്
അമ്മേ ക്ഷമിക്കു ഞാനിന്നനുഭവിക്കുന്നു
നിൻ വേദനയും ദു:ഖവും
അമ്മ അനുഭവിച്ച ആ ഏകാന്തത
ഇന്ന് ഞാനീ കാത്തിരിപ്പിലൂടെ അനുഭവിച്ചീടുന്നു
ഇന്ന് ഞാൻ കാത്തിരിപ്പൂ
ഇന്ന് ഞാൻ ആഗ്രഹിപ്പൂ
എൻ മകൻ ഒന്ന് വന്നണഞ്ഞെങ്കിൽ
ഒടുവിലായ് കാത്തിരിപ്പൂ ഞാനീ
അഴികൾ പിടിച്ചൊട്ടു നിൽക്കയായ്
ഈ അഴിതൻ പേരിതൊന്നുമാത്രം
ആരും ആഗ്രഹിച്ചീടാത്ത വൃദ്ധമന്ദിരം.......

**ശ്രീയുക്ത 10 A**

# താരകം




താരകമേ നിന്നെകാണാൻ
ജാലകത്തിൻ തിരശ്ശീലമാറ്റി
കണ്ടു നിന്നെ ഞാനാ-
ച്ചെറു ജാലകപ്പഴുതിലൂടെ
എത്രകണ്ടാൽ മതിവരും നിൻ
അവർണ്ണിനിയമാം ഭംഗി

നിലാവ് നിന്നെനോക്കി
ചെറു മന്ദസ്മിതങ്ങൾ ഉകവേ
വേഴാമ്പൽ പാടിടുന്നൊരു
രാഗവും നീ കേട്ടതില്ലേ?
നീയിതാ നിറഞ്ഞുനിൽക്കുന്നു
എൻ കൺ കോണിലാകെ
ഈ രാത്രിയൊന്നും തീരാതെയിരു-
ന്നെങ്കിൽ നിന്നിലെ
ഭംഗി ഞാനെന്നേയ്ക്കുമായി കവർന്നെടുത്തേനെ

ആവണി .എസ് .ബിജു

# ജീവിതപാതയിൽ ഒരു ദീപം




തീ കൊളുത്തുക, പടർത്തുക എന്നനിയോഗം ജീവിതത്തിൻെറ നിയോഗമായി സ്വീകരിക്കുന്നവർ ഒന്നുകിൽ തീജ്വാലയാകണം അല്ലെങ്കിൽ തീ നാളങ്ങൾ സ്വന്തമാക്കണം.ജീവിതത്തിൻെറ മാഞ്ഞുപോയ താളുകളിലേക്ക് എത്തിനോക്കുമ്പോൾ അ താളുകളിൽ ഒരു മുദ്ര മങ്ങാതെ മായാതെ കിടക്കുന്നു. കുട്ടികളെ ജ്ഞാനത്തിൽ ജ്വലിപ്പിക്കാനും എന്നും ജ്ഞാനമായിരിക്കാനും വ്രതം ചെയ്യുവരെ അധ്യാപകരെന്ന് ലോകം അംഗീകരിക്കുന്നു.അവരുടെ ആഘോഷമാണ് അധ്യാപക ദിനം.സെപ്റ്റംബർ 5 ഭാരതം മുൻ രാഷ്ട്രപതി ഡോ. സർവേപ്പള്ളി രാധാകൃഷ്ണൻെറ പിറന്നാൾ അധ്യാപകദിനമായി ആചരിക്കുമ്പോൾ അത് തീ തിന്നുന്നവരുടെയും തീ കൊളുത്തുന്നവരുടെയും തിരുനാളായി കൊണ്ടാടപ്പെടുകയാണ് . അർഥിയുടെ അകത്തെ അജ്ഞതയുടെ അന്ധകാരത്തിനുമേൽ പെയ്തിറങ്ങിയ അഗ്നിനാളമായി, സ്വന്തം ജന്മത്തെ തെരെഞ്ഞെടുക്കുന്ന അധ്യാപകർ തങ്ങളുടെ ജീവിതത്തിലെ വിശിഷ്ടമായ

ധർമ്മമാണ് അനുഷ്ഠിക്കുന്നത് . എൻെറ അജ്ഞത നീക്കാൻ
എൻെറ ഗുരു സ്വയം ഒരു ജ്വലയാകുന്നു എന്നു തിരിച്ചറിയുന്ന ശിഷ്യരുടെ ഉള്ളിൽ പുതിയ തീനാളങ്ങളുടെ കുത്തുനാവുകളായി ഓരോ ഗുരുവും പുനർജനിക്കുന്നു എന്ന സത്യത്തിലാണ് ഗുരുത്വത്തിൻെറ നിറവ്.

എന്നാൽ ഈ വർത്തമാനക്കാലത്ത് ഗുരു വെറും കരിന്തിരിയാകുന്നുണ്ടോ എന്ന് ഓരോ അധ്യാപകദിനവും ഓർമ്മപ്പെടുത്തുന്നു.നല്ല അധ്യാപകനു മതിലുകളില്ല.ആകാശവും കടലും പോലെ അനന്തതയുടെയും അപരതയുടെയും ചിഹ്നമാണ് ഗുരു. ആ മഹാഗുരുക്കൻമാരുടെ പ്രകാശധാരയിലൂടെയാണ് ഇന്നും മനുഷ്യചരിത്രം തട്ടിവീഴാതെ നടന്നുനീങ്ങുന്നത്.ആയതിനാൽ ലോകത്തിൻെറ നിലനിൽപ്പിനെ ബാധിക്കുന്ന പ്രധാന കണ്ണിയാണ് ഓരോ അധ്യാപകനും. അധ്യാപകർ ദിവസവും കോർത്തിണക്കുന്ന വിദ്യയുടെ മുത്തുകൾ ചിതറാൻ ഇടവന്നാൽ ലോകത്തിൻെറ അധഃപതനം ആരംഭിക്കും . എന്നാൽ മതിലുകളില്ലാതെ വിശാലമായ ഗുരുത്വത്തിന് മതത്തിൻെറയും രാഷ്ട്രത്തിൻെറയും മതിലുകൾകെട്ടേണ്ടിവരുന്നു . അവിടെ ഗുരുത്വത്തിൻെറ വിദ്യാജാലകങ്ങൾ നിറം മങ്ങിയതാകുന്നു.

ഓരോ വിദ്യാർത്ഥിയും ഗുരുവിൻെറ ശിഷണം നേടണം. വിദ്യ മൂർച്ചയേറിയ ആയുധണ് . ഈ വിദ്യ അജ്ഞതയുടെ ഇരുളിൻെറ ശിഖരങ്ങൾ അറുത്തു മാറ്റും . നമുക്കുവേണ്ടി എപ്പോഴും പ്രകാശം പരത്തുന്ന പ്രകാശഗോപുരങ്ങളായ നമ്മുടെ അധ്യാപകരെയും ലോകം മുഴുവനിലും ഉള്ള ഗുരുക്കൻമാരെയും നമിക്കാം . ഓർക്കാം മാതാ പിതാ ഗുരു ദൈവം.

**എയ്ഞ്ചൽ ജോയി**

# തണൽ




കുരിരുട്ടാണ് ആ ഇടവഴിയിൽ. ആ ഇടവഴി എന്നാൽ മാണിക്കമംഗലം ടൗണിൽ നിന്ന് അഭിയുടെ വീട്ടിലേക്കുള്ള വഴി. സ്വന്തമായി കാറോടിക്കാൻ പഠിച്ച്,ആദ്യമായി എടുത്ത കാറുമായി വീട്ടിലേക്ക് വരികയാണ് ആവൻ.എത്രനാളത്തെ ആഗ്രഹമാണ് ഇന്ന് സാധിച്ചിരിക്കുന്നത്. മറ്റന്നാൾ ലണ്ടനിലേക്ക് പറക്കാനുള്ളതാണ്. അതിനുമുമ്പ് ചെയ്യുതീർക്കാൻ ഒരുപാട് കാര്യങ്ങളുണ്ട്.

ബി.കോം പഠിച്ചെങ്കിലും കുറെനാളത്തേക്ക് ജോലി ഒന്നും ശരിയായില്ല. ലണ്ടനിലെ വാസുദേവൻ അമ്മാവൻ സഹായിച്ചതുകൊണ്ട് മാത്രമാണ് ഇപ്പോൾ ജോലി തരപ്പെട്ടത്. അഞ്ചുവർഷത്തെ പരിശ്രമത്തിന്റെ ഫലം. ഒരു ജോലിക്കുവേണ്ടി എത്രനടന്നതാ...ഒന്നും ശരിയായില്ല. അച്ഛൻ പറഞ്ഞിരുന്നു ജോലി ശരിയായിട്ട് കാറ് വാങ്ങാമെന്ന്. അത് നടന്നു. ആദ്യമേ അമ്മായിയുടെ വീട്ടിലേക്കാണ് പോയത്. പെട്ടെന്ന് വീട്ടിലെത്തണം എന്ന് ചിന്തിച്ച് ഇറങ്ങിയപ്പോഴേക്ക് ടയറിന് എന്തോ കുഴപ്പം. ഒരു തരത്തിൽ എങ്ങനേയോ ശരിയാക്കി. നാളെ ആ കടക്കാരനെ ഒന്ന് കണ്ട് രണ്ടെണ്ണം പറയണം.

ഇതിനിടെ അഭി വീട്ടിലെത്തിയിരുന്നു. നേരം വൈകിയിരുന്നതിനാൽ എല്ലാവരും കിടന്നുകാണും എന്നാണ് അവൻ കരുതിയിരുന്നത്. എന്നാൽ അവനെ ഞെട്ടിച്ചുകൊണ്ട് അച്ഛനും അമ്മയും, 9 മണി എന്ന സമയമുണ്ടെങ്കിൽ തീർച്ചയായും ഉറങ്ങുന്ന ഏട്ടന്റെ മകൾ പാറുവും മുറ്റത്തെ പടിയിൽ ഇരിക്കുന്നുണ്ടായിരുന്നു. കാറിന്റെ വെട്ടം കണ്ടതും മൂവരും മുറ്റത്തേക്ക് ഓടി വന്നു. പുതിയ കാറിൽ കയറി സവാരി ചെയ്യാനാണ് പാറു കാത്തിരുന്നത്. മിഠായി വാങ്ങാൻ ടൗണിൽ പോകാൻ അവൾ വാശി പിടിച്ചു. അവസാനം അവൾ വെടിപൊട്ടുന്ന ശബ്ദത്തിൽ കരഞ്ഞു. രക്ഷയില്ലെന്ന് കണ്ടപ്പോൾ അവൾ ഉറങ്ങി. വീട്ടിലെ മറ്റുള്ളവരും വെട്ടം അണച്ച് കിടന്നു.

പുലർച്ചെ അമ്മ മുഖത്ത് വെള്ളം തളിച്ചപ്പോഴാണ് അഭി ഉണർന്നത്. സമയം 10 കഴിഞ്ഞിരുന്നു. അവൻ വേഗം കുളിച്ച് ഭക്ഷണം കഴിച്ചു. എങ്ങോട്ടാണ് എന്ന അമ്മയുടെ ചോദ്യത്തിന് ടൗൺ വരെ എന്ന് പറഞ്ഞ് അവൻ വണ്ടിയെടുത്തു. കൂട്ടുകാരെ തന്റെ കാർ കാണികാണിക്കുക എന്നതായിരുന്നു അവന്റെ ലക്ഷ്യം. പിന്നെ തിരൂരിലേക്ക് പോണം. കൂട്ടുകാരോടൊപ്പം വിലസി. എല്ലാവരോടും യാത്ര ചോദിച്ചു. ഉച്ചഭക്ഷണം കഴിച്ച് അവൻ തിരൂരിലേക്ക് യാത്ര തിരിച്ചു. അവിടെയാണ് പ്രശസ്തമായ തിരൂർ ഭഗവതി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്.

അവൻ കാറിൽ നിന്ന് ഇറങ്ങി അമ്പലത്തിൽ തൊഴാൻ കയറി. അന്ന് സാധാരണ ഉള്ളതിനേക്കാൾ തിരക്ക് കുറവായിരുന്നു. അവൻ തൊഴുതിറങ്ങിയപ്പോൾ ഒരു വൃദ്ധയായ സ്ത്രീ ഇരിക്കുന്നത് കണ്ടു. അവൻ അവരെ നോക്കി മൃദുവായി പുഞ്ചിരിച്ചു. അവരെ കണ്ടാൽ പ്രായം തോന്നിക്കുമായിരുന്നു. അവനെ കണ്ടതും അവർ "എന്റെ മോനേ,ഉണ്ണീ....”എന്ന് വിളിച്ചുകൊണ്ട് ഓടി വന്ന് അവനെ കെട്ടി പിടിച്ച് കരയാൻ തുടങ്ങി. അവൻ സ്തംഭിച്ച് നിന്നുപോയി. അമ്പലത്തിൽ വന്നവരെല്ലാം അവരെ തുറിച്ചു നോക്കി. അവൻ അവരുടെ കൈ വിടുവിച്ചു. അപ്പോൾ അവർ "നീയെന്നെ ഉപേക്ഷിക്കുകയാണോ?” എന്ന് ചോദിച്ചുകൊണ്ട് വാവിട്ട് നിലവിളിച്ചു. ആളുകൾ അവരെ കൂടുതൽ ശ്രദ്ധിക്കാൻ തുടങ്ങി. അപ്പോൾ അവൻ അവരെ സമാധാനിപ്പിക്കാൻ പറഞ്ഞു: "ഇല്ലമ്മേ,ഞാൻ അമ്മയെ ഒരിക്കലും ഉപേക്ഷിക്കില്ല". അവർ അവനെ മുറുകെ പിടിച്ച് ചുംബിച്ചു.

അഭി അവരെ തന്റെ കാറിനടുത്തേക്ക് കൊണ്ടുപപോയി.

എന്താണ് ചെയ്യേണ്ടതെന്ന് അവന് അറിയില്ലായിരുന്നു. അവൻ അവരെ തന്റെ കാറിൽ ഇരുത്തി. ആളുകൾ ഇല്ലാത്ത ഒരു വഴി തേടി. ഒരു വിജനസ്ഥലത്ത് അവൻ വണ്ടി നിർത്തി. അവൻ അവരെ പതിയെ കാറിൽ നിന്ന് ഇറക്കി. അവർ ആരാണെന്ന് മനസ്സിലാക്കാൻ അവൻ ശ്രമിച്ചു. കുറച്ച് സമയത്തിന് ശേഷം അത് തന്റെ ഉണ്ണി അല്ല എന്ന് അവർ മനസ്സിലാക്കി. ഉണ്ണി ആരാണ് എന്ന അഭിയുടെ ചോദ്യത്തിന് അവർ തന്റെ കഥ പറഞ്ഞു. അത് അവന്റെ കണ്ണുകൾ നിറയിച്ചു. അവരുടെ പേര് ബാലാമണി എന്നാണ്. അവരുടെ ഒരേയൊരു മകനായ 'കൃഷ്ണദേവ്'നെ അവർ സ്നേഹത്തോടെ വിളിക്കുന്ന പേരാണ് 'ഉണ്ണി'. ഉണ്ണിക്ക് മൂന്ന് വയസ്സുള്ളപ്പോൾ അവന്റെ അച്ഛൻ മരിച്ചു. പ്രേമവിവാഹം ആയിരുന്നതിനാൽ ആരും അവരെ സംരക്ഷിച്ചില്ല. കൂലിപണിചെയ്ത് ഉണ്ണിയെ ഒരു ബുദ്ധിമുട്ടും അറിയിക്കാതെ ബാലാമണി പഠിപ്പിച്ചു. നന്നായി പഠിക്കുമായിരുന്ന ഉണ്ണി ഒന്നാം റാങ്കോടെ എം.എ പാസ്സായി. വിവാഹം കഴിപ്പിച്ചു. അവന്റെ ഭാര്യ രാധക്ക് ബാലാമണിയെ ഇഷ്ടമായിരുന്നില്ല. പെൺകോന്തനായിരുന്ന ഉണ്ണി, തിരൂർ ഭഗവതിയെ കാണാൻ പോകണം എന്ന ബാലാമണിയുടെ ദീർഘനാളത്തെ ആഗ്രഹം സാധിക്കാൻ എന്നവണ്ണം,രാധയുടെ നിർദേശപ്രകാരം ബാലാമണിയെ കൂട്ടികോണ്ട് തിരൂരിലേക്ക് പോയി.അവരെ അമ്പലത്തിന്റെ അടുത്ത് ഇരുത്തിയിട്ട് ഉണ്ണിയും രാധയും തിരിച്ച് പോയി. ഇതുപറഞ്ഞ് അവർ പൊട്ടികരഞ്ഞു.അഭിയുടെ മനസ്സിൽ ദേഷ്യവും സങ്കടവും ഒരുപോലെ നിറഞ്ഞു. അവൻ അവരെ ഉപേക്ഷിക്കില്ല എന്ന് തീരുമാനിച്ചു. അവൻ അവരെ വീട്ടിലേക്ക് കൊണ്ട് പോയി. വീട്ടുകാർ എന്ത് ചിന്തിക്കും എന്നൊന്നും അവൻ ചിന്തിച്ചതേയില്ല. വീടിന്റെ ഉമ്മറത്ത് അവൻ വണ്ടി നിർത്തി. അഭിയുടെ അമ്മ പുറത്തേക്ക് വന്നു. ബാലാമണിയമ്മ വണ്ടിയിൽ നിന്ന് ഇറങ്ങാൻ മടിച്ചിരുന്നു.അവൻ അവരെ നിർബന്ധിച്ച് പുറത്തിറക്കി. അതാരാണെന്ന് അഭിയോട് അവന്റെ അമ്മ തിരക്കി. അവൻ നടന്ന കാര്യങ്ങളും അവരുടെ ജീവിതവും തന്റെ അമ്മയെ കേൾപ്പിച്ചു. നിറഞ്ഞ കണ്ണുകളോടെ ബാലാമണിയും അഭിയും അമ്മും പരസ്പരം നോക്കി. ഒരു അമ്മയുടെ വേദന അവർക്ക് മനസ്സിലാകുമായിരുന്നു. അപ്പോഴേക്കും അഭിയുടെ അച്ഛനും ചേട്ടനും ചേട്ടന്റെ

ഭാര്യയുംപാറുവും അവിടെ എത്തിയിരുന്നു. അവരെല്ലാവരും ചേർന്ന് അവരെ സ്വീകരിച്ചിരുത്തി. പിറ്റേന്ന് അഭി ലണ്ടനിലേക്ക് പുറപ്പെട്ടു. ഇപ്പോൾ ബാലാമണിയുടെ മുഖത്തെ ദുഃഖത്തിന്റെ അളവ് കുറഞ്ഞിരിന്നു അഭി ലണ്ടനിലെത്തി. വാസുദേവൻ അമ്മാവൻ മുഖേന അവന് ഒരു നല്ല കമ്പനിയിൽ ജോലി ലഭിച്ചു. അഞ്ച് വർഷം കൊണ്ട് അവിടുത്തെ മാനേജർ പദവി വരെ അവൻ എത്തി. അവൻ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ വന്നിറങ്ങി. അവന്റെ മാതാപിതാക്കളും കൂട്ടുകാരും അവനെ സ്വീകരിക്കാൻ എത്തി. ഒപ്പം ബാലാമണിയമ്മയും. അവരുടെ മുഖത്ത് സന്തോഷം നിറഞ്ഞ് നിൽക്കുന്നു. ഇനിയും ബാലാമണിയെപ്പോലുള്ളവരെ സംരക്ഷിക്കാൻ അവൻ ഒരു വൃദ്ധസദനം തുടങ്ങി. അതിന് അവൻ നൽകിയ പേരാണ് - 'തണൽ.'

സാന്ദ്ര ഷാബു




# പുഴ പറയുന്നത്

എന്നിലെ എന്നെ അറിയുന്നവൻ
അവനാണെൻ സോദരൻ
എനിക്കായി ത്യാഗം സഹിക്കുന്നവൻ
അവനാണെൻ കൂട്ടുകാരൻ
എനിക്കായി വർഷവും കരയുന്നവൻ
അവനാണെൻ പിതാവ്
എന്നുമെന്നെ കൈവിടാത്തവൾ
അവളാണെൻ മാതാവ്

ഞാനൊരുപുഴയാണെങ്കിലുമെന്നിലെ
സൗന്ദര്യം നുകരുന്നവൻ ഏറെ
എന്റെ സംഗീതത്താളക്കൊഴുപ്പിനെ

ഈറനണിയിക്കുന്നവർ ഏറെയുണ്ട്
എൻ കൂട്ടരെല്ലാം പാടിപ്പതണ്ഞൊഴുകുന്നപോൽ
ഞാനീ ഇരുട്ടിൽ ഇഴഞ്ഞു നീങ്ങുന്നപോൽ
എന്നിലെ അശ്രു തെളിഞ്ഞ നീരാകുവാൻ
ആരോടു ഞാനിനി  കേണപേക്ഷിക്കേണ്ടൂ?......

എന്നിലെ സൗന്ദര്യം കവർന്നെടുത്തപോൽ
എരു തീയിലെണ്ണ  പകർന്നേകിപോൽ
എന്നിലും ജീവത്തുടിപ്പുകളില്ലയോ?
ഞാനുമാ അമ്മയുടെ മകളല്ലയോ?...
ഞാൻ നാളെയീഭൂമിയിലില്ലെന്നു വന്നെങ്കിൽ
നിങ്ങൾ തൻ കണ്ണുകൾ  ഈറനണിയും
പോസ്റ്ററും പ്ലക്കാർടും തൂക്കിപ്പീടിച്ചെന്നാൽ



# The First Flight

An owl family lived on a big tree. A father owl,a mother owl and three baby owls. The babies were very young. They couldn't fly.'Children,get ready.

The moon has come up. Today is our first day out',
Father owl said to the babies. Two baby owls flapped their wings and rose up. But the third one sat still. “Rouly, what happened my dear? Come let's fly out with father “mother said.'mother I cant see anything. It is dark, really the owlet said. Rouly we are owls we can see at night, come on, just try dear mother said .But mother I can't even see you clearly I can only hear your voice really sobbed .Don't cry my little one. You will be okay. Stay here I'll bring you food saying this mother owl flew away. Rouly was alone. Slowly really slipped into a sound sleep.

The day broke. Rouly woke up. 'Ah food.....' Rouly started eating the food .Bright sunlight was peeping into the nest.'Father,mother and my sisters are sleeping they can see at night. The can fly out but I can't!what is wrong with me? Rouly thought. Rouly slowly came out of the nest. Wow!what a bright light!'Rouly blinked her eyes. I can't see everything the green trees,the yellow flowers,the white clouds,the blue sky. She flapped her wings mother,I can't see now!Rouly stretched out her wings.

I can't fly. shall I go for my first flight she cried in joy really flew up. Flapped her wings in joy. Slowly be moved through the air. I am perfectly all right. Rouly flew up. Above the trees.... above the hills.... up in the sky. Rouly enjoyed her first flight. A cool breeze kissed her wings. Wow....it is wonderful she thought. Oh I am hungry. Rouly looked down. She saw a mouse near a bush. Rouly flew down and landed on a rock . 'Hey hawk. Please don't eat me.',the mouse cried aloud.'Hawk!I am not a hawk .I am an owlet.'Rouly said said angrily.'Owlet in day light. Ha...ha...ha...! but owls cannot fly in daylight ',said the mouse. I am an owlet and I am hungry too. I am going to eat up,'Rouly said. 'Oh!you are special owlet. I agree. But please don't eat me. I will give you some tasty food.' Saying this , the mouse ran towards his hole. Rouly waited outside the hole. 'All this are for you. Please have them.' The mouse said. Rouly tasted a banana. 'Tu....!Whoo.... It is sticky. Give me something else.'Then have this.....'The mouse offered an Almond. 'No no...it is too hard. Then have this....'The mouse gave her some peanuts.'Tu....!Whoo...it is too small.'What about this?I am sure you will like this.'The mouse gave Rouly some cashew nuts.'Wow..!So tasty...I like it. Give me some more.'Rouly enjoyed eating the nuts.'It's too hot. Let's stop playing'.Rouly moved toward the shade. 'Hey friend,what happened?The mouse followed her. 'Oh....I can't open my eyes .The sun is so bright. My body....It's too hot. It's painful. I am not feeling good.'Rouly slowly down. 'Oh.....I see....Stay here. I have an idea...!I will be back soon.'saying this,the mouse rushed through the bush.

'Oh, friend you are back! What is it in your hand' Rouly wondered. 'Rouly my friend, there are for you'.

The mouse said happily. 'For me! What for' Rouly put on this hat, where there sun glass. You will stay cool'. The mouse helped Rouly to wear the hat and the glass.' Rouly, how do you feel now' the mouse asked.' Thank you friend. I feel better,' Rouly said smiling. The sun was setting. The owls woke up.' where is Rouly the mother owl looked around.'Oh, look! Who is that? Father owl pointed to the sky. Everyone looked at the sky. A bird with a hat and glasses ! Rouly landed on the branch. Who are you? 'father owl asked. Its me....your Rouly.'Rouly said. i were you dear who gave you the hat and the glasses? Father asked. 'i can see every thing in daily life so I went out. I were a new friend too. He gave me all these things,Rouly said smiling. 'oh..dear!you are some one special. so special' every one hugged her.

Srurag T



# ഓർമ്മകളിലെ കൈത്താങ്ങ്

എങ്ങനെ തുടങ്ങണമെന്നറിയില്ല.........

ഞാൻ കണ്ട നാൾ മുതൽ അയാൾ ഇങ്ങനെയാണ്.

നേരം പുലരുന്നതിനു മുമ്പേ,കിളികൾ ഉണരുന്നതിനു മുമ്പേ തന്റെ ദൈനംദിന ജിവിതത്തിന് തിരശ്ശീല ഉയർത്തും. നഗരത്തിന്റെ വീഥികളിലൂടെ അയാൾ മന്ദം മന്ദം ഇഴഞ്ഞുനീങ്ങുകയാണ്. ചീകിയൊതുക്കാത്ത തലമുടി നാരുകൾ ഇളംകാറ്റിന്റെ തലോടലിൽ പാറിക്കളിക്കുന്നു. മുഷിഞ്ഞ വസ്ത്രവും കീറിയ ഭാണ്ഡവും പേറി പലപ്പോഴും സമൂഹത്തിനുമുന്നിൽ ഒരു വെറുക്കപ്പെട്ട കഥാപാത്രമായി തീരുന്നു.

തന്നിലെ വൈരൂപ്യമാണ് തന്നെ മറ്റുള്ളവരിൽ നിന്നും അപഹാസ്യനാക്കിത്തീർക്കുന്നതെന്നറിയാമെങ്കിലും ജിവിതമെന്ന ഞാണിൻമേൽകളി അത്ര കാര്യമാക്കിയെടുക്കുന്നില്ല. തനിക്കുവേണ്ടി മാത്രമുള്ള ജീവിതമാണിതിരുന്നെങ്കിൽ,പണ്ടേ ഈ ലോകത്തിൽ നിന്നും അപ്രത്യക്ഷമായേനെ....

അതുപോരല്ലോ,തന്നെ മാത്രം ആശ്രയിച്ച് ഒരു പിഞ്ചുകിടാവു കൂടെയുണ്ട്... അതിനെന്തെങ്കിലും കൊടുക്കണ്ടേ...

നേരം ഇരുട്ടിത്തുടങ്ങി,സൂര്യൻ പടിഞ്ഞാറെ ചക്രവാളത്തിൽ സ്ഥാനം പിടിച്ചിരിക്കുന്നു.' അപ്പാ വിശക്കുന്നു'. എന്നും കേൾക്കുന്ന പതിവ് പല്ലവിയായതിനാൽ അതയാൾക്ക് ശീലമായി. മീനു അയാളെ അപ്പാ എന്നുവിളിക്കുമെങ്കിലും അതവളുടെ ആരുമല്ല. തിരക്കേറിയ പൂരപ്പറമ്പിൽ വച്ച് ആരും തുണയില്ലാതെ പകച്ചുനിന്ന ഒരു കൊച്ചു ബാല്യം. അത്രമാത്രമെ അവളെ വിശേഷിക്കാൻ അയാൾക്കറിയൂ. അന്നുതൊട്ട് അയാളവൾക്ക് അച്ഛനാണ്,അയാൾക്ക് മകളും. അവളെ നല്ല രീതിയിൽ വളർത്തണമെന്നുണ്ട്,പക്ഷേ എന്തുചെയ്യാം ദുരിതത്തിൻെറ ആഴക്കടലിലേക്ക് ഓരോ ദിവസവും ആഴ്ന്നിറങ്ങുകയാണ്. എന്തിനേറെ പറയണം...ഒരുനേരത്തെ അന്നത്തിനുപോലും നിവൃത്തിയിലിപ്പോൾ. എങ്ങനെയും ജീവൻ പോകുന്നതുവരെ പട്ടിണികൂടാതെ അവളെ വളർത്തണം. വിശപ്പുകഠിനമായാൽ വാവിട്ടുനിലവിളിക്കുന്ന ആ മുഖം താങ്ങാനാവുന്നതിലേറെയാണ്. തന്നിൽ അഭയം പ്രാപിച്ച് കഴിയുന്ന കുഞ്ഞിനെ നിരാശപ്പെടുത്താൻ പാടില്ലല്ലോ. ഏതൊരു അസ്തമയത്തിനും ഒരു ഉദയമുണ്ടെന്ന പ്രതീക്ഷയിൽ ജീവൻ തള്ളിനീക്കും. തങ്ങളുടെ തിരക്കുകൾനിറഞ്ഞ ജീവിതത്തിനിടയിൽ പലപ്പോഴും ആരും അവരെ ശ്രദ്ധിച്ചില്ലെന്നുള്ളതാണ് വാസ്തവം. ബെൻസു കാറിൽ ചെത്തിയടിച്ചെത്തുന്ന കൊച്ചമ്മമാർക്കും എങ്ങനെ ഇനിയും പണം കൊയ്യാം എന്ന ഗൂഢ ലക്ഷ്യത്തോടെ നടക്കുന്ന പ്രമാണിമാർക്കും ഒരൽപ്പംപോലും ദയാദാക്ഷിണ്യം ഈ അഭയാർത്ഥികളുടെമേൽ ഉണ്ടായെന്നുവകരില്ല. അയാൾക്ക് അവളും അവൾക്ക് അയാളും മാത്രമാണ് അഭയം. മോളെ,ലോകം നമ്മളെ തേടി വരില്ല, നമ്മൾ ലോകത്തെ തേടി

പോകണമെന്ന് പലപ്പോഴും അയാൾ പറയാറുണ്ട്. പക്ഷേ ആ പറഞ്ഞതിൻെറ പൊരുൾ തനിക്കന്ന് മനസ്സിലായില്ല. രാപകൽ മുഴവൻ പലരുടെയും മുന്നിൽ കൈ നീട്ടും. ദാരിദ്രയം പേറി ജീവിക്കുന്നതിനാൽ അതൊരു കുറച്ചിലായി തോന്നിയില്ല.

'മാഡം,കാർ വെയിറ്റുച്ചെയുന്നു. "നമുക്കുപോകാം'....'ആം'..ആ ദീർഘനിശ്വാസം അന്നത്തെ ആ അഞ്ചുവയസ്സുകാരിയുടെതായിരുന്നു. ഇതുവരെ തന്നെ ജീവിതം പല അദ്ധ്യായങ്ങളും പഠിപ്പിച്ചു. അതിൽ ഒരിക്കലും മറക്കാനാവാത്തതാണ് ചുള്ളിക്കമ്പുപോലുള്ള കൈവിരലുകളുള്ള മെലിഞ്ഞുണങ്ങിയ ആ മനുഷ്യൻ,അയാളുടെ തണലാണ് തന്നെ ഇതുവരെ എത്തിച്ചത്.

താൻ അന്നയാളെ കണ്ടില്ലായിരുന്നെങ്കിൽ ഇന്ന് ഈ ഭൂമിയിൽ ഉണ്ടാവില്ലായിരുന്നു. എവിടെനിന്നോ തന്നെ തേടിയെത്തിയ കൈകൾ എവിടെയൊക്കെയോ തന്നെ എത്തിച്ച കൈകൾ. ഇന്നയാളുണ്ടെങ്കിൽ തൻെറ വിജയം കാണാൻ ഏറ്റവും കൊതിച്ചയാൾ... അവിടെയും വിധി തോൽപ്പിച്ചുകളഞ്ഞു. പക്ഷേ ഒരർത്ഥത്തിൽ അതൊരു വിജയമായിരുന്നു. തീച്ചൂളയിൽ നിന്നുള്ള കരകയറ്റം. ആ നിശ്ചയദാർഢ്യം,അതേ ആത്മവിശ്വാസം. ഇളംകാറ്റിൻെറ തലോടൽ അവളെ ഓർമ്മകളിൽ നിന്നും മോചിപ്പിച്ചു. കരഘോഷങ്ങൾ നിറഞ്ഞ സദസ്സിൻെറ ഒത്ത നടുവിൽ രാജകീയ പ്രൗഢിയോടെ ഇരുന്നപ്പോഴും തൻെറ അനുഭവം വിവരിച്ചപ്പോഴും ഉള്ളിൻെറ ഉള്ളിൽ നിന്നും വിജയത്തിൻെറ, നഷ്ടപ്പെടലിൻെറ ഒരു തോന്നൽ....തൻെറ വിജയം കാണാൻ ആ അഭയം ഇലാതെപോയല്ലോ.

**ജുവൽ മേരി**




# ദൈവത്തിന്റെ മുഖമുള്ള വൃദ്ധൻ

പണ്ട് പണ്ട് ഇറ്റലിയിലെ ജെനോവയിൽ ഒരു ധനികകുടുംബം ഉണ്ടായിരുന്നു. അവരുടെ ഒരേയൊരു മകളായിരുന്നു ഏയ്ഞ്ചൽ. അവൾക്ക് നല്ല വിടർന്ന കണ്ണുകളും ചുവന്ന ചുണ്ടുകളും ആപ്പിൾ പോലെ മുഖവും സ്വർണ്ണനിറത്തിലുള്ള മുടിയുംഉണ്ടായിരുന്നു. അവളുടെ പേരുപോലെ തന്നെഅവളൊരു മാലാഖകുഞ്ഞായിരുന്നു. ധനികരായിരുന്നെങ്കിലും അവർക്ക് യാതൊരു അഹങ്കാരവും ഇല്ലായിരുന്നു. അവളുടെ പിതാവിന്റെ കഠിനാധ്വാന ശീലവും അമ്മയുടെ സേവന മനോഭാവവുംഅവളിൽ നിറഞ്ഞു നിന്നിരുന്നു. മാതാപിതാക്കളുടെയും ഗുരുഭൃതരുടെയും കണ്ണിലുണ്ണിയായിരുന്നു അവൾ. മറ്റുള്ളവരെ സഹായിക്കുന്നതിൽ അവൾമുന്നിട്ടു നിന്നിരുന്നു. ഒരിക്കൽ

വിദ്യാലയത്തിൽ നിന്നും തിരികെ എത്തിയപ്പോൾ അവൾ ഒരു കാഴ്ച്ച കണ്ടു. അവളുടെ വീടിന്റെ പടിവാതിൽക്കൽഒരു വൃദ്ധൻ തളർന്നവശനായി കിടക്കുന്നു.അവളുടെ മാതാപിപാക്കൾ ജോലിയുടെ ആവശ്യത്തിനായി ലേജിനോ വരെ പോയിരിക്കുകയായിരുന്നു. അവൾക്കുള്ള ആഹാരം അടുക്കളയിൽ എടുത്ത് വച്ചിരുന്നു. അവൾ അതെടുത്ത് വൃദ്ധന് കൊടുത്തു. അയാൾക്ക് വളരെ സന്തോഷമായി. തന്നെപ്പോലുള്ള ഒരാൾക്ക വേണ്ടി ഇത്രയും ചെയ്ത കുട്ടിയെ അയാൾ മനസ്സാൽ സ്തുതിച്ചു.അയാൾ പറഞ്ഞു : മോളേ , നിനക്കു പകരം തരാൻ എന്റെ കൈയ്യിൽ ഒരു ഉപദേശം മാത്രമാണുള്ളത്. ഇത് നീ മനസ്സിൽ സൂക്ഷിക്കുക. ശ്രമിച്ചാൽ നേടാത്തതായി യാതൊന്നുമില്ല. ഇത്രയും പറഞ്ഞ് വൃദ്ധൻ അവിടെ നിന്ന് പോയി. വൃദ്ധന്റെ ഉപദേശം അവൾ മനസ്സിൽ സൂക്ഷിച്ചു. കാലങ്ങൾ നീങ്ങവെ അഗ്നിപാശംപോലെ ആ വാർത്ത എങ്ങും പരന്നു. രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു. യുദ്ധത്തെക്കുറിച്ചുള്ള സംസാരമാണ് എങ്ങും. വ്യവസായ ശാലകൾ ഒന്നൊന്നായി പൂട്ടി. എങ്ങും പട്ടിണിയും ദുരിതങ്ങളും മാത്രം. കോളേജുകളുംസ്കൂളുകളും പൂട്ടി. ഏയ്ഞ്ചൽ തുകൽ ശാലകളിൽജോലിക്ക് പോകാൻ തുടങ്ങി. രാത്രിയിൽ യാമങ്ങളോളം അവൾ പഠിച്ചു. അവളുടെ കഠിനാധ്വാനം മനസ്സിലാക്കിയ മുതലാളി അവളെ സഹായിച്ചു.അവൾക്ക് നല്ല വിദ്യാഭ്യാസം നൽകി. കാലങ്ങൾ കഴിയവേ , അവൾ ഇറ്റലിയിൽ അറിയപ്പെടുന്ന ഒരു സർവകലാശാലയിലെ വകുപ്പ് മേധാവിയായിജീവിതവിജയങ്ങളെ കുറിച്ചുള്ള ആളുകളുടെ ചോദ്യത്തിന് അവൾക്ക് ഒരു മറുപടിയേ ഉണ്ടായിരുന്നുള്ളൂ , ദൈവത്തിന്റെ മുഖമുള്ള ആ വൃദ്ധൻ.

**സാന്ദ്രാ ഷാബു**

# ജീവിതം ഒരു പരീക്ഷ



ഒരിക്കൽ ഒരു അധ്യാപകൻ ക്ലാസിലെത്തി വിദ്യാർഥികളോട് പരീക്ഷയെഴുതുവാൻ തയ്യാറായികൊള്ളാൻ പറഞ്ഞു. അപ്രതീക്ഷിതമായി പരീക്ഷ എന്ന് കേട്ടപ്പോൾ അവർ ഒന്ന് അമ്പരന്നു. അധ്യാപകൻ പരീക്ഷാചോദ്യപേപ്പറുകൾ വിതരണം ചെയ്യാൻ ആരംഭിച്ചു. മടക്കിയ പേപ്പറുകളാണ് വിതരണം ചെയ്തത്. എല്ലാവർക്കും കൊടുത്ത് കഴിഞ്ഞപ്പോൾ മടക്ക് നിവർത്തി നോക്കാൻ അധ്യാപകൻ ആവശ്യപ്പെട്ടു. ആശ്ചര്യമെന്നു പറയട്ടെ, ആ ചോദ്യപേപ്പറിന്റെ മധ്യത്തിലായി ഒരു കറുത്ത അടയാളമല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല. എന്തു ചെയ്യണമെന്ന് അറിയാതെ നിൽക്കുന്ന കുട്ടികളോട് അദ്ദേഹം പറഞ്ഞു.., "നിങ്ങൾ ചോദ്യപേപ്പറിൽ എന്തു കാണുന്നുവോ അതിനെക്കുറിച്ച് എഴുതുക". ഈ ബുദ്ധിമുട്ടേറിയ ചോദ്യത്തിന്അവർ തങ്ങളാലാവുംവിധം ഉത്തരം എഴുതി. ക്ലാസ് തീരാറായപ്പോഴേക്കും അധ്യാപകൻ ഉത്തരക്കടലാസുകൾ ശേഖരിച്ച് ഉറക്കെ വായിക്കാൻ തുടങ്ങി. എല്ലാ കുട്ടികളും ആ കറുത്ത അടയാളത്തെക്കുറിച്ചാണ്എഴുതിയത്. അതിന്റെ വലുപ്പ,സ്ഥാന,ആകൃതി,എന്നിവയക്കുറിച്ചെല്ലാം അവർ നീട്ടിപ്പരത്തിയെഴുതിയിരുന്നു. എല്ലാ ഉത്തരക്കടലാസും വായിച്ചു കഴിഞ്ഞപ്പോൾ ക്ലാസ് നിശബ്ദമായിരുന്നു. പിന്നീട് അധ്യാപകൻ പരീക്ഷയെ കുറിച്ച് വിശദീകരിക്കാൻ തുടങ്ങി. "ഈ ഉത്തരങ്ങളുടെ അടിസ്ഥാനത്തിൽ നിങ്ങളെ ഞാൻ ഗ്രേഡ് ചെയ്യുന്നില്ല". "മറിച്ച് ചിന്തിക്കാനുള്ള ഒരു അവസരം തരികയാണ് ഞാൻ. നിങ്ങളെല്ലാവരും ഇതിലെ കറുത്ത പാടിനെക്കുറിച്ചാണ് എഴുതിയത് .

ആരും വെളുത്ത കടലാസിനെക്കുറിച്ച് ഒരു വാക്ക് പോലും എഴുതിയിട്ടില്ല . നമ്മുടെ ജീവിതത്തിലും ഇതാണ് സംഭവിക്കുന്നത് . എല്ലാവരും അവരുടെ ചെറിയപ്രശ്നങ്ങളിൽ മനസ്സുടക്കി നിൽക്കും . ആരോഗ്യപ്രശ്നങ്ങൾ , സാമ്പത്തിക ബുദ്ധിമുട്ടുകൾ , കുടുംബ ബന്ധങ്ങളിലുള്ള ചെറിയ കാര്യങ്ങൾ . ഈ പ്രശ്നങ്ങളിലേക്ക് മാത്രം ശ്രദ്ധയൂന്നുന്ന നമ്മൾ നമുക്ക് കിട്ടിയിരിക്കുന്ന മറ്റു നിരവധി കഴിവുകളും അനുഗ്രഹങ്ങളും കാണാതെ പോകുന്നു . ഈ കറുത്ത പാട് കണ്ണിനെ പലപ്പോഴും മലീമസമാക്കുന്നു . ഈ പാടുകളിൽനിന്നും കണ്ണെടുത്ത് ജീവിതം കൂടുതൽ ആസ്വാദ്യകരമാക്കാൻ ശ്രമിക്കുക .

"ഓരോ നിമിഷവും ആസ്വദിക്കുക"

"മറ്റുള്ളവരേയും സ്നേഹിക്കുക"

**ആകാശ് എം**

.......




# ഒരു തിരിഞ്ഞുനോട്ടം

ഇത് ഒരു കഥയാണോ എന്ന് ചോദിച്ചാൽഅല്ല, എന്നാൽ അതെ. ഇതൊരു തിരിഞ്ഞുനോട്ടമാണ് . ഒരു ബാലികയുടെ ജീവിതത്തിലെ ചിലതിരിഞ്ഞുനോട്ടങ്ങൾ. ഇതൊരു ജീവിതമാണ് . ഉള്ളിൽ കരയുവാൻ വിങ്ങുന്ന ഒരാളുടെ ജീവിതം. അവൾ നടന്ന നീങ്ങിയ ജീവിതാവസ്ഥകൾ, സന്തോഷംഅറിഞ്ഞിട്ടുണ്ട് എന്നാൽ അനുഭവിച്ചിട്ടില്ല . അവളുടെ ദുഖങ്ങൾക്ക് ഒരു അന്ത്യം ഇല്ലായിരുന്നു. ജീവിതത്തിൽ ആരെയൊക്കെയോആഗ്രഹിച്ചു, പക്ഷെ ലഭിച്ചില്ല . തന്റെ ജീവിതം വെറുമൊരു കളിക്കോപ്പു പോലെ ആയിരുന്നു . ഇപ്പോഴും അങ്ങനെ തന്നെ. ആർക്കൊക്കെയോ എന്തിനൊക്കെയോവേണ്ടിയുള്ള പരക്കംപാച്ചിൽ..........ഇന്നേവരെ തനിക്കായി ഒന്നും ചെയ്തിട്ടില്ല . കൊടുത്തിട്ടുണ്ട് ഒരുപാട് ,എന്നാൽ ആ കൊടുത്തതിന് ഒന്നിനുപോലും തിരികെ ലഭിച്ചിട്ടില്ല . ദുഖംഉള്ളിലൊതുക്കി പുറമേ ചിരിച്ചു കളിക്കുന്ന ഒരുവൾ , അത്രമാത്രം. നമ്മളെയൊക്കെ പോലെയല്ലേ അവളും , പുറമേഅവളുടെ കളിചിരികണ്ടാൽ തോന്നും ഇവൾ ഇത്രത്തോളം ജീവിതം ആസ്വദിക്കുന്നുണ്ടോ എന്ന് .

ജീവിതത്തിൽ ഒരുപാട് സഹിച്ചിട്ടുണ്ട് . മങ്ങിമറഞ്ഞ് മണ്ണോട്ട ചേർന്നവർ ധാരാളമുണ്ട് എന്നാൽ ഒരുവേർപാടും മറക്കാനാവുന്നില്ല ,എല്ലാംപ്രിയപ്പെട്ടതല്ലേ.......കേൾക്കുന്നവർക്ക് ഒരു തമാശയായി തോന്നിയേക്കാം, എന്നാൽ അവളെ നേരിൽ അറിയുന്നവർക്ക്ഇതൊരുയാഥാർത്ഥ്യമാണ്. മറക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽആരോ ആ ഓർമ്മകളാകുന്ന തീച്ചൂളികളെ വീണ്ടും ഊതിക്കത്തിച്ച കൊണ്ടേയിരിക്കുന്നു . അങ്ങനെ വീണ്ടും ആ ഉള്ളുനീറുന്ന വല്ലാതെ.... അവളെ സംബന്ധിച്ചെടുത്തോളം ജീവിതം ഒരു വലിയ യാത്രയാണ് .

എന്തിനെയോ ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു യാത്ര..........ആ യാത്രയ്ക്കിടയിൽ ഒരുപാട് വണ്ടികൾ മാറിക്കയറേണ്ടതായി വരും. ഒരുപാട് പുതുമുഖങ്ങളെ കാണേണ്ടതായും അറിയേണ്ടതായും വരും. ഒരുപാട് വീഥികളിൽ ദീർഘനാൾ തങ്ങേണ്ടതായും വരും . എന്നാൽ ഒരു കാര്യം മാത്രം അസംഭവ്യമാകണം എന്നു തോന്നിപ്പോകും ഇവ ഒരിക്കലും മാറി അകലരുത് എന്ന് . പക്ഷെ അതൊരിക്കലും സാധ്യമാവുന്നില്ല........ എന്നാൽ വിധിയെ തടുക്കാൻ ആവില്ല ഒരിക്കലും . ഇന്നു നമുക്ക് പ്രിയപ്പെട്ടതായതൊന്നും നാളെ അങ്ങനെയാവണം എന്നില്ല . വെറുമൊരു പരിചയക്കാർ മാത്രമായിരിക്കും എവിടെയോ വച്ച് കണ്ടുമറന്ന പരിചയക്കാർ .... സൗഹൃദത്തിനും പ്രണയത്തിനും അപ്പുറമാണ് ചില ബന്ധങ്ങൾ പ്രിയപ്പെട്ടവരെ വേർപിരിയാൻ 'മരണം' എന്ന മൂന്നക്ഷരത്തെക്കൊണ്ട് മാത്രം സാധ്യമാവുന്നതല്ല. നാം സ്വന്തമെന്നു കരുതിയവർ പലരും നമുക്ക് സ്വന്തമല്ലായിരുന്നു എന്ന തിരിച്ചറിവും തോന്നലുകളും ഉണ്ടാവാൻ തുടങ്ങിയതും ആ വേർപാടിൽ നിന്നും തന്നെ . മനസ്സിനെ ആരോ വല്ലാതെ പിടിച്ച് കുലുക്കുമ്പോൾ അവിടെ സൗഹൃദമില്ല ! പ്രണയമില്ല ! മറിച്ച് ഇതിനെല്ലാം ഉപരിയായി മറ്റൊന്ന് . നമ്മുടെ ഈ ജീവിത യാത്രയിൽ കല്ലും മുള്ളും നിറഞ്ഞ വഴികളായിരിക്കും കൂടുതൽ. ടാറിട്ട റോഡുകളിലൂടെ വാഹനം ഓടിച്ചു പോകുന്ന നമുക്ക് ജീവിതത്തിൽ ടാറുമായി പലരുമുണ്ട് . എവിടെയോ വെച്ച് പഞ്ചറായ നമ്മുടെ വണ്ടിയുടെ ടയർ മാറ്റാനും കുഴിയിൽ വീണാൽ പിടിച്ചു കയറ്റാനും ആരൊക്കെയോ ഉണ്ട് . രക്ത ബന്ധങ്ങൾക്കുമപ്പുറം ജീവിതത്തിൽ ആരുമല്ലാത്ത എന്നാൽ ഇന്ന് എല്ലാമായ ചിലർ. ഓർക്കുവാൻ പോലും ആഗ്രഹിക്കാത്ത ചില ബന്ധങ്ങൾ പോലും കടന്നുപോയി ബന്ധങ്ങൾ നശ്വരമാണ് . ജീവിതാവസ്ഥയുടെ, അവസ്ഥകളുടെ

തീച്ചൂളയിൽ പെട്ട് വെന്തു വെണ്ണീറായി ചാരമായി, ഒടുവിൽ പൊടിയായി തീർന്ന ബന്ധങ്ങൾ . ഉരികിത്തീർന്ന ബന്ധങ്ങൾ. ഒരിക്കൽ അവർ നമുക്കെല്ലാമായിരുന്നു....എന്നാൽ ഇന്ന് ആ ബന്ധത്തിന് അർത്ഥമില്ലാതാവുന്നു. സമ്പത്തിനും സ്ഥാനമാനങ്ങൾക്കും അപ്പുറത്തായി...യാത്ര തുടരുന്നു....നൂതനമായ പലതും തേടി...പലതിനും വേണ്ടി....ഒരു പക്ഷെ ഈ കഥ ഒരുപാട് പേരുടെ ജീവിതമാവാം.... അതിൽ ഞാനും നിങ്ങളും ഉൾപ്പെട്ടേക്കാം. നമ്മുടെ ജീവിതത്തിന്റെ മറ്റൊരു പ്രത്യേകത ഉണങ്ങാനാവാത്ത പല മുറിവുകളും തന്നിട്ടാവും ചിലർ നമ്മെ പിരിയുന്നത് എന്നതാണ് . ആ മുറിവ് ഉണങ്ങാൻ തുടങ്ങുമ്പോൾ അതിന്റെ മുകളിൽ വീണ്ടും...... അങ്ങനെ ആ വേദനയിൽ അവസാനിക്കുന്ന ഈ നശ്വരജീവിതം.... നശ്വരമായ ഈ ജീവിതത്തിലെ ഓർമകൾ മരിക്കുന്നില്ല.... കവി പറയുന്ന പോലെ ഓർമ്മകൾക്കെന്തു സുഗന്ധം !

ആൻ മരിയജോൺ



# അഭയം

വാഹനങ്ങളുടെ ഇരമ്പൽ ശബ്ദം നിന്നു ഇനിയുള്ളത് ഗ്രാമമായിരിക്കും എന്ന് അവൾ മനസ്സിലുറപ്പിച്ചു പണ്ടെങ്ങോ പുസ്തകത്തിൽ വായിച്ചിട്ടുള്ള വാക്യങ്ങൾ ഓരോന്നായി അവളുടെ കാതുകളിലേക്കടുത്തു അവൾ പറഞ്ഞു ഈ നാട്ടിൻപുറം എന്തൊരു സുന്ദരമാണ്...നാട്ടിൻപുറം നന്മകളാൽ സമൃദ്ധമാണെന്നാണല്ലോ ചൊല്ല്. ഇത് ഉത്സവക്കാലമാണ് ഈ ഗ്രാമത്തിലെ ഉത്സവസമയത്ത് മാത്രമേ അവൾ നഗരത്തിൽ നിന്ന് ഗ്രാമത്തിലേക്കു വരുകയുള്ളൂ അവളുടെ യജമാനനാണങ്കിൽ നാട്ടിൻപുറങ്ങളിൽ നിന്ന് കച്ചവടം ചെയ്യാനിഷ്ടമല്ല കൈയ്യിൽ നിന്നു പോകുന്ന അമ്പത് പൈസപോലും അയാൾ കുറിച്ചുവയ്ക്കും. അവളെപ്പോലുള്ള നാലുകുട്ടികളാണ് ദാമു എന്ന വളക്കച്ചവടക്കാരന്റെ അടുത്തുള്ളത് എല്ലവരും തീർത്തും അനാഥർ... ദാമുവിന് ആ കുട്ടികളോട് ഇത്തിരി ദയയുണ്ട്

കാശിന്റെകാര്യത്തിൽ ഇത്തിരി പ്രശ്നം വന്നാൽ കുറ്റം അവരുടെ നെഞ്ചത്താണ് തികച്ചും കണ്ണീരിൽക്കുതിർന്നതായിരുന്ന അവളുടെ ജീവിതം. മിന്നു എന്നായിരുന്ന അവളുടെ പേര്. വയസ്സ് 12 അവർ നാലാം ക്ലസുവരെ പഠിച്ചതാണ്. പഠിക്കാൻ ഒത്തിരി ഒത്തിരി ഇഷ്ടമാണ്. അവൾ രണ്ടാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് അച്ഛനും അമ്മയും മരിച്ചത് അത് ആ കൊച്ചുഹൃദയത്തിന് താങ്ങാവുന്നതിനുമപ്പുറമായിരുന്നു. അങ്ങനെ തികച്ചും അസാധാരണമായാണ് ദാമു എന്ന വളക്കച്ചവടക്കാരനെ കാണുന്നത്. അവൾക്ക് മൂന്ന് കൂട്ടുകാരുണ്ട് മല്ലി, അമ്മു, പൊന്നി. ഇവർ ദാമുവിന്റെ ഏതോ അകന്ന ബന്ധത്തിൽപ്പെട്ടവരാണ്. അച്ഛനും അമ്മയും അവരെ ഉപേക്ഷിച്ചിട്ടുപോയതാണ്. ഒരു നിമിഷം അവർ ചിന്തിക്കും താനെത്ര ഭാഗ്യവാനാണ് തന്റെ അച്ഛനമ്മമാർ മരിച്ചതല്ലേ ഉള്ളൂ എന്ന് മരണത്തേക്കാൾ വലിയ ഒന്നാണ് ഉപേക്ഷിക്കൽ....ഗ്രാമം... അതിസുന്ദരമായിരുന്നു.....നഗരത്തിന്റെ വിളക്കുകളാണ് ഗ്രാമമെന്ന് നമ്മുടെ മഹാത്മജി പറഞ്ഞിട്ടുണ്ടല്ലോ......ഗ്രാമത്തിന്റെ ഇരുവശത്തും നദികൾ.....കുറച്ച് മാറി ഉത്സവപ്പറമ്പ് അതിനു തൊട്ടുമീതെ ഒരു വിദ്യലയം ഉത്സവപ്പറമ്പുകണ്ടപ്പോൾ മല്ലിക്കും അമ്മുവിനും പൊന്നിയ്ക്കും വളരെ സന്തോഷമായി എന്നാൽ അതിനു തൊട്ടുമീതെയുള്ള വിദ്യലയം കണ്ടിട്ടായിരുന്നു മിന്നുവിന്റെ സന്തോഷം. ഉത്സവം തുടങ്ങാൻ ഇനിയും നാലു ദിവസമുണ്ട്,ആ സമയത്തിനുള്ളിൽ ആ വിദ്യലയത്തിലെ കൂട്ടുകാരെ കാണാല്ലോ എന്നതായിരുന്നു അവളുടെ സ്വപ്നം ക്ലാസ്സിൽ ടീച്ചർമാർ പഠിപ്പിക്കുന്നത് ഉച്ചത്തിൽ കേൾക്കാമായിരുന്നു . അവൾക്കതുകേൾക്കുമ്പോൾ കുളിരുകോരുമായിരുന്നു . ഡീ മിന്നു നീയെന്താ അവിടെ നിക്കണത്...വാ..പീടികയിൽ പോയി ചായ കുടിച്ചിട്ട് വരാം...ഇതും പറഞ്ഞ് ദാമു കീശയിൽ നിന്ന് പൈസ എണ്ണിത്തിട്ടപ്പെടുത്താൻ തുടങ്ങി.. അത് കണ്ടപ്പോൾ മിന്നുവിന് ചിരിതോന്നി. ഇത്രയും അറുത്തകൈയ്ക്ക് ഉപ്പുതേക്കാത്തവനാണല്ലോ ഇദ്ദേഹം എന്ന് ഓർത്താണ് അവൾക്ക് ചിരി വന്നത് . പിന്നീട് ചായക്കടയിലേക്ക് നീങ്ങി അപ്പോഴേക്കും ചായയും കുടിച്ച് അവർ ഇറങ്ങിയിരുന്നു.ഡീ മിന്നു... ദാ..ആ മേശപ്പുറത്ത് ചായവച്ചിട്ടുണ്ട് ചൂടാറുന്നതിനു മുമ്പ് വേഗം മോന്തിയിട്ട് വാ എന്ന് ദാമു ഉറച്ച സ്വരത്തിൽ പറഞ്ഞു.അവൾ ചായക്കടയിലേക്ക് നീങ്ങി കടയിൽ ഒരു ചേട്ടനും ചേച്ചിയുമുണ്ട് സ്കൂളിന്റെ തൊട്ടുപുറകിലാണ് ഈ ചായക്കട. അതു അഞ്ചാം ക്ലാസ്സിന്റെ പിറകിൽ

ആയിരുന്നു. അവൾക്ക് ആശ്വാസമായി.. അവൾ ഈ പ്രായത്തിൽ അഞ്ചാം ക്ലാസ്സിൽ ആയിരുന്നു പഠിക്കേണ്ടത്. അവൾ അവിടെ ഇരുന്ന് ചൂട്ട ചായ മോന്തി. കുറച്ചുസമയം ക്ലാസ്സിൽ പറയുന്നതും കേട്ട് അവിടെ ഇരുന്നു.സമയം വൈകിയത് അവൾ അറിഞ്ഞില്ല. പുറത്തുനിന്നും ഒരു ഭയാനകശബ്ദം കേട്ട് ഞെട്ടി പുറകോട്ട് നോക്കുമ്പോഴേക്കും ...ദാമു.. ഭൂമി പിളരുന്നതു പോലെ തോന്നി.. അയാൾ പറഞ്ഞു..ഡീ നിനക്കിന്ന് ചോറില്ല.. ഇത് കേട്ട് അവൾക്ക് ഒരു കുസലും തോന്നിയില്ല, കാരണം ഒരു നേരത്തെ പട്ടിണി അവൾക്കൊന്നുമല്ല ജോലിയാണെങ്കിൽ അവളുടെ രക്തത്തിൽ അലിഞ്ഞതുമാണ്. അവൾ നീങ്ങി....എകദേശം സ്കൂൾ വിടാറായിരുന്നു സ്കൂൾ വിട്ടുപോകുന്ന എല്ലാകുട്ടികളുടെയും മനസ്സിൽ സന്തോഷമായിരുന്നു. അവൾ അത് നോക്കിനിന്നു അത് നോക്കിയപ്പോഴേക്കും അവൾ ആത്മസംതൃപ്തിയായി ആരോ തലയ്ക്കുകൊട്ടുന്നതുപോലെതോന്നി തിരിഞ്ഞപ്പോഴേക്കും യജമാനൻ വീണ്ടും മുന്നിൽ അവൾ അയാളെ ശ്രദ്ദിക്കാതെ പണിചെയ്തു.....രണ്ടാമത്തേദിവസവും അവൾ ചായക്കടയിൽ പോയിരുന്നു . അവൾ ക്ലാസ്സിലേക്ക് ശ്രദ്ധിച്ചിരുന്നു മൂന്നാമത്തെ ദിവസം ഇങ്ങനെ ക്ലാസ്സിൽ ശ്രദ്ധിച്ചിരിക്കുമ്പോൾ സ്കൂളിലെ അദ്ധ്യപകൻ എല്ലാ ടീച്ചർമാരോടും ഈക്കാര്യം പറഞ്ഞു കൂട്ടത്തിൽ ഏറ്റവും അധികം സങ്കടം വന്നത് മാലതി ടീച്ചർക്കാണ് 5B യിലെ ക്ലാസധ്യാപികയാണ് ടീച്ചർ ആ കുട്ടിയെകാണാൻ ഏറെ ആഗ്രഹിച്ചു. പിറ്റെ ദിവസം അവൾ ആ ചായക്കടയിലെത്തി അപ്പോഴും ചിന്നു കൈയിൽ ഒരു പേപ്പറും പിടിച്ച് ശ്രദ്ധിച്ചിരിക്കുകയായിരുന്നു. ടീച്ചർക്ക് അവളെകണ്ടപ്പോൾ തന്നെ എന്തെന്നറിയാത്ത ഒരുസന്തോഷമായിരുന്നു. എന്തൊരു ഓമനത്തമുള്ള കുട്ടി, ടീച്ചർ അവളുടെ അടുത്തേക്കു നീങ്ങി. അവൾ ഭയന്നുപോയി. ടിച്ചർ ചോദിച്ചു എന്താ മോളുടെ പേര് ? ചിന്നു എന്ന് മടിച്ച് മടിച്ച് അവൾ മറുപടിപറഞ്ഞു അത്കേട്ട് ടീച്ചറുടെ കണ്ണിൽനിന്ന് കണ്ണീരുറവ പൊട്ടി. താൻ ഇവിടെ യജമാനൻെറ കൂടെ ഉത്സവത്തിന് വളക്കച്ചവടം ചെയ്യാൻ വന്നതാണെന്നും താൻ നാലാം ക്ലാസുവരെ പഠിച്ചിട്ടുണ്ടെന്നും പഠിക്കാൻ അതിയായ ആഗ്രഹമുണ്ടെന്നും അവൾ പറഞ്ഞു. അന്ന് മാലതിടീച്ചർ ചിന്തിച്ചത് ചിന്നുവിനെക്കുറിച്ചും മാത്രമായിരുന്നു. ഇത്രയും നല്ലകുട്ടിയെ വേറെ എവിടുന്നുകിട്ടാൻ. 15 വർഷമായികുട്ടികളിയില്ലാത്ത അവർക്ക് ന്നല്ലോരു കുട്ടിന് ഒരു കുട്ടിയെ കിട്ടുക ആശ്വാസമായിരുന്നു.

അവൾ പിറ്റേന്നുതന്നെ ആ ഷെഡ്ഡിലേക്കുപോയി. മിന്നു താമസിക്കുന്നിടത്തേക്ക് കാര്യങ്ങൾ പറഞ്ഞപ്പോൾ അയാൾ വിസമ്മതിച്ചെങ്കിലും ചിന്നുവിന് ടിച്ചറുടെ വീട്ടിലേക്ക് പോകാൻ താത്പര്യമുണ്ടായിരുന്നു. പിന്നിട് ഇത്തിരി കാശുകൊടുക്കാമെന്ന് പറഞ്ഞപ്പോൾ അയാൾ സമ്മതിച്ചു. പ്രതീക്ഷയുടെ പുത്തൻ നാമ്പുകൾ മിന്നുവിൻെറ മനസ്സിൽ തളിർത്തു. കൂട്ടുകാരോട് യാത്ര പറഞ്ഞ് ടീച്ചറുടെ വീട്ടിലേക്ക് . അവൾക്കതൊരു അഭയമായിരുന്നു.......................

**ലെന സുരേഷ്**

**9-C**

# മഴ



സൂര്യൻ മങ്ങിമറഞ്ഞുപോയ്
നിലാവ് വന്നിലിന്ന്
ഞാൻ മുറിയിലെ ജനാലയ്-
ക്കരികിൽ വന്നിരിന്ന്.
പുറത്തേക്ക് നോക്കി
പതിവിൽ ചിലത് മങ്ങി-
മറഞ്ഞു നിൽക്കുന്നു
ആകാശമുറ്റത്ത്.
രാത്രി തൻ ചുരുൾമുടി
ഏറെ കൂട്ടുതൽ തമമായി
പാതിചിതലരിച്ചയാജനാല
ഞാൻ പതിയേ അടയ്ക്കവേ.
വീണ ഒരുതുള്ളിമുത്തെൻ
കൈവെള്ളയിൽ പതിയെ
പാതിചാരിയ ആ ജനൽ
തുറന്നു ഞാൻ നോക്കിയിരുന്നു
ഇറ്റിറ്റായി വീഴുന്ന കണ്ണീരിനെ .

ആവണി.എസ്.ബിജു
10–A

# MOBILE PHONE


Mobile phone is an electronic telecommunication device, often referred to a cellular phone or cellphone it was found on 3rd April 1973. mobile phone connects a wireless communication network through radio wave or satellite transmission most module phone provide voice communication,short messages service (sms),multimedia message service(mms),and newer phones may also provide internet service such as web browsing and e-mailMobile phone was invented by Marn public.
In an object their is positive and negative impact .let's see about it.
tin Marty Cooper .he was born on December 20,(1928)he is an American engineer he is a pioneer and visionary in the wireless communication industry with eleven patent in the field. he is recognised as an inventorradio spectrum management
While at Motorola in the 1970,copper invented the first hand held cellular mobile phone(distinct from the car phone ) in 1973 and led the team that developed in and brought it to marked in 1983 he is considered the




“father of the cellular phone”and is also cited in the first person in history to make a hand held cellular call

Positive and Negative

impact of Mobile Phone




Positive impacts
Communication :- The very first positive point of the mobile phone in communication with mobile phone you can communicate with anyone from anywhere at any time
Entertainment :- Mobile phone have become source of ultimate d entertainment things which we never through would he present in a mobile phone now possible. Smarts phones come in to an existence which not only help in making calls it also help you to stay allowing you to stay allowing to play games , listen to music and hear music and do other stuff.

Mobile Phone even come with special apps for kids to increase there brain storming which in pretty good.

## Benefits In Studies

If you are using a smart phone you can take advantage of it to your studies or your business . The smart phones which come with android, Apple iOS and window s' phone opening system come with educational apps which can be used while you can install like Skype which will help you in communicating with your clients on the go.

## Negative impact

### Bad impact on studies

It is true that mobile phones can help students in studies if they became add time to mobile phone and are found playing games ,chatting with there friends and watching movies and other stuff .if students are truly keeping their eyes on their mobile phone at all time they wont get time for studying which would led to poor grades

Health issues and Accidents

Mobile phones led to lot of accidents .a lot of people do their duty their work,drive while talking on mobile phone .there is risk of accident it you are talking in the mobile phone and driving as you are giving your half attention to mobile call and are having half attention to road

Research studies have also claimed mobile phones negative impact on health of an individual

If you are using mobile phones for long time daily it might led to serious health issuesthere were the advantages and disadvantages of mobile phones .on the end,it all depends our usage. Cellphones are the most personal device to us and we should make and optimal use of them.



# സ്വപ്നത്തിലെ മാലാഖ

ഒരു ചെറിയഗ്രാമത്തിലാണ് മേരിക്കുട്ടിയമ്മയും പൗലോസപ്പൂപ്പനും താമസിച്ചിരുന്നത്. മക്കളില്ലായിരുന്ന അവർക്ക് കുഞ്ഞുമക്കളോട് വളരെസ്നേഹമായിരുന്നു. അതിനാൽ ചെറിയ മക്കളെ വീട്ടിലേക്ക് വിളിച്ച് വരുത്തുകയും അവർക്ക് ആഹാരവും വസ്ത്രങ്ങളും എല്ലാം സമ്മാനമായി നൽകുകയും ചെയ്യും. അതിൽ അനാഥക്കുട്ടികളും തെരുവിലെ കുട്ടികളുമായിരുന്നു കൂടുതൽ. എപ്പോഴും അപ്പൂപ്പനും അമ്മൂയും ഈസ്റ്ററിനും ക്രിസ്തുമസിനും ആണ് അവർക്ക് സമ്മാനം നൽകിയത്. അതിനാൽ അവർ ഈസ്റ്ററും ക്രിസ്തുമസും വരാൻ കാത്തിരിക്കും. അവർ തുടർച്ചയായി എല്ലാ വർഷവും സമ്മാനങ്ങൾ നൽകി.

എന്നാൽ അവർ ക്രമേണ ദരിദ്രരാവാൻ തുടങ്ങി. ഒരു ക്രിസ്തുമസ്
കാലത്തിൽ അവർ ചിന്തിച്ചു. 'എന്റെ ദൈവമേ ഈശോയെ,വീട്ടിൽ ഒരുമണി ധാന്യമില്ല നമ്മൽ പിള്ളേർക്ക് എന്തു വെച്ചു കൊടുക്കും. അന്ന് രാത്രി അവർ ഉറങ്ങിയില്ല. പിറ്റേന്ന് പുലർച്ചെ അവർ രണ്ടുപേരും ഒരു സ്വപ്നം കണ്ടു. സ്വപ്നത്തിൽ ഒരു മാലാഖ പ്രത്യക്ഷപ്പെടുകയും അവരോട് ഇങ്ങനെ പറയുകയും ചെയ്തു. "നിങ്ങൾ വിഷമിക്കേണ്ട മക്കളേ,നിങ്ങൾക്ക് എന്തായാലും കുട്ടികൾക്ക് സമ്മാനം നൽകാൻ സാധിക്കും". അവർ ഞെട്ടിയുണർന്നു. രണ്ടുപേരും ഒരേ സ്വപ്നം കണ്ടതാണെന്നറിഞ്ഞപ്പോൾ അവർ അത്ഭുതപ്പെട്ടു. മാലാഖ പറഞ്ഞതിൽ എന്തെങ്കിലും സത്യമുണ്ടാകുമെന്ന് അവർ വിശ്വസിച്ചു. ആ ക്രിസ്തുമസ് നാളിൽ ധാരാളം കുട്ടികൾ വന്നെത്തി. അപ്പൂപ്പനും അമ്മൂമ്മയും ഉള്ളിൽ വളരെ ഭയമുണ്ടായിരുന്നു. കുട്ടികളെ അവർ സൽക്കരിച്ചിരുത്തി. അമ്മൂമ്മ അടുക്കളയിലേക്ക് പോയപ്പോൾ അത്ഭുതപ്പെട്ടു. അവിടെ വിഭവസമൃദ്ധമായ ആഹാരപദാർത്ഥങ്ങൾ കൊണ്ട് നിറഞ്ഞിരുന്നു. അപ്പൂപ്പൻ തന്റെ മുറിയിലേക്ക് പോയപ്പോൾ അവിടെ കുറേ സമ്മാനപ്പൊതികളും വസ്ത്രങ്ങളും ഉണ്ടായിരുന്നു. അപ്പൂപ്പനും വളരെ അത്ഭുതപ്പെട്ടിരുന്നു. അതിനുള്ളിൽ ഒരു കുറിപ്പുമുണ്ടായിരുന്നു. "നീ പാവപ്പെട്ടവരെ സഹായിച്ചു. അതിനാൽ ഞാൻ നിനക്കു വേണ്ടി ഇതപർപ്പിക്കുന്നു". മേരിക്കുട്ടിയമ്മൂമ്മയും പൗലോസപ്പൂപ്പനും സന്തോഷമായി. അവർ കുട്ടികൾക്ക് വിഭവസമൃദ്ധമായ ആഹാരവും പണവും വസ്ത്രവുമെല്ലാം സമ്മാനിച്ചു. കുട്ടികൾക്കും വളരെ സന്തോഷമായി. കുട്ടികൾക്ക് സമ്മാനങ്ങളെല്ലാം നൽകിയപ്പോൾ അപ്പൂപ്പനും അമ്മൂമ്മയ്ക്കും സന്തോഷവും വളരെ സംതൃപ്തകരമായും തോന്നി. ഈ സന്തോഷത്താൽ അവർ അടുത്ത ക്രിസ്തുമസിനുവേണ്ടി കാത്തിരിന്നുകൊണ്ടേയിരുന്നു.

ശ്രീയുക്ത എ


# The flower


When the flower was a bud
It was very proud to bloom
When it bloomed ,it was happy
As it attracted all insects.
The mighty flower
Bloomed big and colourful
And spread it's fragrance
for just a day .
The poor flower did not know
That it would fade and die for too soon
And was happy, making other's glade
Had the flower not blossomed broth
it would not have made other's happy
And cheerful for a day.
It taught a lesson
Be happy and make other's too
Though for just a day




Stefina Thomas

# മലയാളത്തിന്റെ സുവർണ്ണ കഥകൾ










യു.എ.ഖാദറിന്റെ വളരെ പ്രശസ്തമായ കഥാസമാഹാരമാണ് മലയാളത്തിന്റെ സുവർണ്ണകഥകൾ. നോവലിസ്റ്റ് കഥാകൃത്ത്,പത്രാധിപർ തുടങ്ങിയ നിലകളിൽ പ്രശസ്തനാണ് യു.എ.ഖാദർ. മലയാള കഥാസാഹിത്യത്തിൽ സ്വന്തമായൊരു മുരിങ്ങാച്ചോട് കണ്ടെത്തിയ കഥാകാരനാണ് യു.എ.ഖാദർ. ആ സ്ഥാനത്തിൽ നിന്നുകൊണ്ട് ഒരുപാട് കഥകൾ അദ്ദേഹം മെനഞ്ഞെടുത്തു. നാടോടിക്കഥകളുടെയും ഐതിഹ്യങ്ങളുടെയും യക്ഷികഥകളുടെയും വർണ്ണമേഘങ്ങൾ നിറഞ്ഞതാണ് ആ നീലാകാശം. അത്ഭുതപ്പെടുത്തുന്നതാണ് അതിന്റെ വിസ്തൃതി. ഗ്രാമ്യവും നാഗരികവുമായ അനുഭവങ്ങളുടെ അക്ഷയമായ ഒരു ഖനിതന്നെ അദ്ദേഹത്തിന് സ്വന്തമായുണ്ട്. ദേശത്തിന്റെ ചൂടും ചൂരും ഉൾകൊള്ളുന്ന ഖാദർ മൊഴികൾ ഇതഃപര്യന്തം നാം ശീലിച്ചുപോന്ന സാഹിത്യ ഭാഷയുടെ ഫ്രെയിമുകളെ തകർക്കുന്നു. സമകാല രാഷ്ട്രീയ സാമൂഹ്യസദാചാരവ്യവസ്ഥകൾ സുന്ദരമായ ഈ മൊഴിയിലൂടെ വാർന്നുവീഴുന്നു; കഥകളായി രൂപംകൊള്ളുന്നു. ഇത്തരത്തിലുള്ള 29

കഥകൾ ഈ സഞ്ചയത്തിലുണ്ട്. 'ചന്തപ്പൻ ഗ്രേഡ് വൺ','ചൊവ്വാദോഷം','ശക്തിക്ഷയം',പഴയ കെട്ടുപാട്ടുകൾ തുടങ്ങിയവയെലാം ഈ സമാഹാരത്തിലെ കഥകളാണ്. ഈ കഥകൾക്ക് എലാം നമ്മെ രസിപ്പിക്കാനാവും. കാരണം ഈ കഥകൾക്ക് യു.എ.ഖാദർ സാക്ഷിയാണ്.

ഇന്ദുലേഖ




ഒയ്യാരത്ത് ചന്തുമേനോൻെറ വളരെ പ്രശസ്തമായ നോവലാണ് ഇന്ദുലേഖ.1847 ജനവരി 9 ന് ജനിച്ച ഇദ്ദേഹത്തിൻെറ 'ശാരദ' അപൂർണ്ണമായ മറ്റൊരു കൃതിയാണ്. മലയാള നോവൽ ശാഖയിലെ ലക്ഷണയുക്ഷമായ ആദ്യകൃതി എന്ന വിശേഷണം ഇന്ദുലേഖയ്ക്കുള്ളതാണ്. ആധുനിക വിദ്യാഭ്യാസവും ലോകപരിചയവും നേടിയിട്ടുള്ള മാധവൻെറയും ഇന്ദുലേഖയുടെയും പ്രണയവും പിന്നിട് എല്ലാ പ്രതിബന്ധങ്ങളും അതിജീവിച്ച് ആ പ്രണയം സാക്ഷാത്കരിക്കുന്നതുമാണ് നോവലിൻെറ ഇതിവൃത്തം. ഒരു പ്രണയകഥ സരസമായി പ്രതിപാദിക്കുമ്പോൾ തന്നെ ആ കാലഘട്ടത്തിൽ പ്രബലമായിരുന്ന ഫ്യൂഡൽ ജന്മിത്വ വ്യവസ്ഥിതി നമ്പൂതിരി-നായർസമുദായങ്ങളിലെ സംബന്ധസമ്പ്രദായങ്ങൾ തുടങ്ങി അന്നത്തെ ജീവിത-സാമൂഹികാവസ്ഥ സമഗ്രമായി ചിത്രീകരിക്കുന്നത് ഈ നോവലിൻെറ ചരിത്രപ്രാധാന്യം വർദ്ധിപ്പിക്കുന്നു. മലയാള നോവൽ ചരിത്രത്തിൽ ചന്തുമേനോൻ കൊളുത്തിവച്ച ഈ ഭദ്രദീപം കാലമേറെ കഴിഞ്ഞിട്ടും ശോഭ കുറയാതെ ഒരു മികച്ച വയനാനുഭവമായി നിലനിൽക്കുന്നു. കാലഘട്ടത്തിൽ പ്രബലമായിരുന്ന ഫ്യൂഡൽ

ജന്മിത്വവയവസ്ഥിതി  നമ്പൂതിരി-നായർ സമുദായങ്ങളിലെ സംബന്ധസമ്പ്രദായങ്ങൾ തുടങ്ങി അന്നത്തെ ജീവിത-സാമൂഹികാവസ്ഥ സമഗ്രമായി ചിത്രീകരിക്കുന്നത് ഈ നോവലിൻെറ ചരിത്ര പ്രാധാന്യം വർദ്ധിപ്പിക്കുന്നു. മലയാള നോവൽ ചരിത്രത്തിൽ ചന്തുമേനോൻ കൊളുത്തിവച്ച ഈ ഭദ്രദീപം കാലമേറെ കഴിഞ്ഞിട്ടും ശോഭ കുറയാതെ ഒരു മികച്ച വയനാനുഭവമായി നിലനിൽക്കുന്നു.

**സോന എ വി**



# സൗഹൃദം

വിദ്യാലയ വാതിലിൽ കാൽവെച്ച നിമിഷം,

ആദ്യമായി നാം കണ്ടു മുട്ടി.

പിന്നീട് ശിശിരം കടന്നുപോയി,

വർഷം കടന്നു പോയി.

എങ്കിലും ഇഴപൊട്ടാത്ത സൗഹൃദവുമായി,

നമ്മൾ ബാക്കിയായി.

എൻ സന്തോഷത്തിലും സന്താപത്തിലും,

പ്രിയ തോഴി നീ പങ്കുചേർന്നു.

സോദരെന്നാൽ നാം,

സ്നേഹം പങ്കുവച്ചു.

നിന്നിലൂടെ ആത്മാർത്ഥ സ്നേഹം,

ഞാൻ അനുഭവിച്ചു.
വീണ്ടും ശിശിരം വന്നു വർഷം വന്നു,
പക്ഷേ ഈ ലോകത്തിൽ ഞാൻ ഏകയായി.
എങ്കിലും ആ നല്ലകാലത്തിൻെറ,
ഓർമ്മ മതിയെനിക്കുറക്കെപ്പറയാൻ.
പ്രിയ സഖി നീയുള്ളപ്പോൾ,
ഞാൻ എങ്ങനെ ഏകയാകും.

**കാവ്യ .കെ.പി 10–B**

# ഭയം



ഇരുൾ നിറഞ്ഞ വഴിയിലൂടെ.....കാലം തെറ്റിവന്ന കള്ളക്കാറ്റ് മരണം കാത്തുനിൽക്കുന്ന ഇലകളേയും തഴുകി പോയ ആ വേനൽക്കാലം. ഇരുട്ടേറിയിരിക്കുന്നു...തെരുവു വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ ആ രാക്കുടയ്ക്കു കീഴിൽ കൈപ്പടത്തിൽ മുഖമമർത്തി ഇരിക്കുകയാണ് അവൾ. ആ കൈകൾ

വിറയ്ക്കുന്നുണ്ടായിരുന്നു. ആച്ചുണ്ടുകൾ പലതും പുലമ്പുന്നുണ്ടായിരുന്നു. പതിയെ അവൾ ഓർമ്മകളുടെ കുത്തോളങ്ങളിലേക്ക് വഴുതിവീണു. ഡൽഹിയിലെ ഹരിഹർനഗർ എന്ന കൊച്ചു പട്ടണം. അവിടെ ഒരു ചെറ്റക്കുടിലിൽസ്നേഹത്തോടെ ജീവിച്ചവളായിരുന്നു അവൾ. അച്ഛൻ, അമ്മ, സഹോദരൻ സ്നേഹത്തിന്റെ പട്ടുനൂലിൽ തീർക്കപ്പെട്ടതായിരുന്നു ആ കുടുംബം. അവൾ മീര. പഠിക്കാൻ മിടുക്കിയായിരുന്നു. കൂലിപ്പണക്കാരനായ അച്ഛന് ആറ്റുനോറ്റുകിട്ടിയ ജോലി,അതും കേരളത്തിലെ ഒരു വ്യവസായ പ്രമുഖന്റെ കെട്ടിടനിർമാണത്തിലെ ജോലിക്കാരനായിരുന്നു. കുടുംബത്തിന് ഏറെ സന്തോഷം നൽകിയ ആ വാർത്ത വാസ്‌തവത്തിൽ അവളുടെ ജീവിത്തെ മാറ്റിമറിച്ച ഒന്നായിരുന്നു. വേനൽക്കാലമായതിനാൽ സ്കൂൾ അവധിയായിരിന്നു.

അതിനാൽ മീരയും അഛന്റെ കൂടെ കേരളത്തിലേക്ക് തിരിച്ചു. എന്നാൽ വാസ്തവത്തിൽ അവിടെയെത്തിയപ്പോഴാണ് സത്യത്തിന്റെ ചുരുളഴിയുന്നത്. ജോലി ചെയ്യിന്നതിനനുശ്രിതമായി കൂലിയില്ല, പാർക്കാൻ ഇടമില്ല, ആവിശ്യത്തിന് ഭക്ഷണമില്ല. മീര ആ മുതലാളിയുടെ വീട്ടിലെ കൈസഹായിയായി നിന്നു. അഛൻ കെട്ടിടപ്പണിക്കും. ആദ്യമൊക്കെ നല്ല രീതിയിൽ അവൾ കഴിഞ്ഞുപോയിരുന്നു. എന്നാൽ ആഴ്ചകൾ തോറും അവളുടെ കഷ്ടപ്പാടുകൾ ക്രമേണ കൂടിവന്നു. ഒടുക്കം അഛനെ കാണണമെന്ന് അവൾ വാശിപിടിച്ചപ്പോൾ അവർ നിരസിച്ചു. വീട്ടിലെ സഹായിയായി വന്നവൾ ഒടുക്കം ഒരു അടിമയായി മാറി. പ്രതികരിക്കാൻ കഴിയാത്ത ഒരു മരപ്പാവ. ഏറെ ക്രൂരനായിരുന്നു ആ മുതലാളി, അവൾക്കു ഭാരിച്ച ജോലിയും അതിനുപുറമേ താങ്ങാൻ കഴിയുന്നതിലുമേറെ ശക്ഷയും. അവളെ മാനസികമായും ശാരീരികമായും അയാൾ ദ്രോഹിക്കുമായതിനാൽ, ഒടുക്കം ആ ദിവസം അവൾ വീട്ടിൽ തനിയെയായിരുന്നു. നേരം സന്ധ്യമയങ്ങി. മദ്യപച്ച് അയാൾ വീട്ടിലെത്തി.ആഹാരം കൊണ്ടുവരാൻ അവളോട് കൽപ്പിച്ചു. ഭക്ഷണം കഴിക്കുന്നതിനിടെ അയാൾ പറഞ്ഞു "നിന്റെ തന്ത ചത്തു,കെട്ടിടത്തിൽ നിന്ന് വീണ്". യാതൊരു കൂസലുമില്ലാതെയായിരുന്നു അയാൾ പറഞ്ഞത്. അവൾ ഞെട്ടി ഒന്നും മിണ്ടാതെ...കണ്ണുകൾ അടയ്ക്കാതെ... ഭയാനകമായ ഒരു നിശബ്ദതയായിരുന്നു അത്. ആ നിശബ്ദതയെ ഭേദിക്കുമെന്നോണം അവൾ

ഉച്ചത്തിൽ നിലവിളി മുഴക്കി. അയാൾ അപ്പോഴും ഒന്നും പ്രതികരിച്ചില്ല. ലഹരിയിലെ മന്ദതയിൽ മുഴുകിയിരിക്കുകയായിരിന്നു. കരഞ്ഞുതളർന്ന അവൾ ആ രാത്രി അവിടെ നിന്നും രക്ഷപ്പെട്ടോടി. അരണ്ട വെളിച്ചത്തിൽ കണ്ട ആ കടയ്ക്കു കീഴിൽ തലചായ്ച്ച് ഇരുന്ന് അവൾ കണ്ണുകൾ മെല്ലെ തിരുമ്മി. വെളിച്ചം ശക്തമായി അവളുടെ കണ്ണുകളിൽപതിക്കുന്നുണ്ടായിരുന്നു. സമയം രാവിലെയായി. അവൾ മെല്ലെ കണ്ണുതുറന്നു. ചുറ്റും നാലഞ്ചുപേർ. നീ ആരാണ് ? എവിടെ നിന്നാണ് ? ഈ കുട്ടി എന്താ ഒറ്റയ്ക്ക് ? പല പല ചോദ്യങ്ങൾ. പാറക്കെട്ടുകളിൽ തട്ടിയ കാട്ടരുവി പലവഴികളായി മാറിപ്പോയപോലെ അവളുടെചിന്താധാരകളും പല വഴികളിലായി. എന്തുചെയ്യണമെന്ന് അവൾക്ക് അറിഞ്ഞുകൂടായിരുന്നു. അവൾ അവരെ ഭയക്കുന്നുണ്ടായിരുന്നു. അവരെ മാത്രമല്ല , ഈ സമൂഹത്തെതന്നെ.

മീര അവിടെനിന്ന് എഴുന്നേറ്റു. മെല്ലെ പുറത്തിറങ്ങി നടന്നു. അങ്ങോട്ട് പോകണമെന്ന് അവൾക്ക് തീരെ നിശ്ചയമില്ലായിരുന്നു. മുന്നിൽ കണ്ട ആ നടവഴിയിലൂടെ അവൾ നടന്നകന്നു. ചീറിപ്പാഞ്ഞ ഒരു കാർ അവളുടെ എതിരെ വരുന്നുണ്ടായിരുന്നു. പെട്ടന്ന് അയാൾ വണ്ടി നിർത്തി. മോളെന്താ ഒറ്റയ്ക്ക് ?അയാൾ ചോദിച്ചു. അവൾ ഒന്നും മിണ്ടിയില്ല. എവിടയാ പോണ്ടേ ഞാൻ കൊണ്ടാക്കാം അയാൾ തുടർന്നു. അയാളുടെ മുഖം ചൈതന്യം തുളുമ്പുന്നതായിരുന്നു. അയാൾ അവളോട് ചിരിച്ചു. മോളു പേടിക്കണ്ട. അയാളുടെ ആ വാക്കുകൾ എന്തെന്നില്ലാതെ ഒരു ആശ്വാസം അവളിൽ ഉണ്ടാക്കി.അയാൾ ആരെന്ന് അവൾക്ക് അറിയില്ല. ഈ സമൂഹത്തെ തന്നെ അവൾ ഭയക്കുന്നു. തന്റെ ജീവിതത്തിൽ ഇതിൽ കൂടുതൽ കഷ്ടതകൾ ഇനി ഉണ്ടാവാനിടയില്ല...ആ ജീവിതം അവൾക്ക് പ്രതീക്ഷയറ്റതായി തോന്നി. അവൾ അയാളുടെ കാറിലേക്ക് കയറി തന്റെ ജീവിതത്തിന്റെ വേറിട്ട വഴിയിലൂടെയുള്ള ആ പുതിയ യാത്രയെ കുറിച്ച് യാതൊന്നും ഓർക്കാതെ... ആ കണ്ണുകളിൽ ഭയം .

**അഖില പി**



# Tajmahal

The Tajmahal is the most significant building in India is called one of the 7 wonders of world. It was build by mugal emperor shahjahan in the sweet memory of his beloved wife,mumtaz mahal.the work-men including some masons worked day and night for 20 years to building it.

I had a keen desire to visit this famous building of the world .And when I was in 6th class i got a
chance to visit that master piece of artistic design. As I was came close to it i was stock by it unique structure . It was a marvel in marble .my mind went back to times of shajahan when he build this building heigh " cost. it was near to yamuna . It is a matchless beauty . Some historians has named in the crown of the world .some one had called it as the poem in marble ',

in shot it is a parodies on earth. It is thing of beauty and joy. my joy knew no bounds on seeing this wonderful building .it's memory will always remain fresh in mind .i also visited some other historical buildings in Agra fort .then went to fathehpur siKri where i saw the famous buland danwaza and other beautiful buildings. all this magnificent structures made a deep impression on me but there is nothing to. Match the beauty of taj mahal

**Akhila.p 10c**



# അമ്മതന്നുണ്ണി

തെളിച്ചം മായുന്നു,കാഴ്ച മങ്ങുന്നു
ഉമ്മറ ചാരുപടിയിൽ അമ്മ ഇരിക്കുന്നു

വരുമെന്നല്ലേ സന്ദേശം,എൻ
ഉണ്ണി വരുമെന്നല്ലെ സന്ദേശം

പുറം നാട്ടിലെ മുറിയിലെ
മൂലയിൽ ഒറ്റയ്ക്കിരുന്നു തളർന്നോരാ

കുഞ്ഞു മനസ്സിൽ,ഇക്കരെ നിന്നകൊണ്ടമ്മ
നിറയക്കുന്നു സ്നേഹക്കണ്ണീരുകൾ

മുറ്റത്തെ മരക്കൊമ്പിൻ ചില്ലയിൽ
കാക്കകൾ കരയുന്നുണ്ടുച്ചത്തിൽ
എന്തേ,എത്തുന്നില്ലെന്നുണ്ണി ?
സന്ധ്യമയങ്ങി പക്ഷികൾ കൂടുതേടി
അമ്മതൻ മനംനിറയുന്നു
കാത്തിരിപ്പിൻ ദുഃഖത്താൽ
ഓർക്കുന്നവൾ അവൻെ ബാല്യത്തിൻ
ചവർപ്പും മധുരവും
നാട്ടുറങ്ങി,അമ്മ മാത്രം ചാരുപടിയിൽ
ഇരിക്കുന്നു മൂകയായി
എന്തേ വൈകുന്നു,തൻെറ
ഓമനപുത്രനായ ഉണ്ണി ?
കണ്ടു ഒടുവിൽ കാത്തിരിപ്പിൻ ഫലം
വന്നു കാറ്റും പിന്നാലെയൊരാം ആംബുലൻസും
വെള്ളപുതപ്പിച്ച തൻെറ ഉണ്ണി,
മുറ്റമൊരു കണ്ണീർപുഴയായ്,
സമുദ്രമായി ഒടുവിൽ വിജനമായി
കോത്തിരിക്കുന്നിന്നും ആ അമ്മ
തൻെറ ഓമന പുത്രനായ ഉണ്ണിയെ...............

**അനന്യ പി**



# പരിസ്ഥിതി സൗഹൃദ വികസനം

സമൂഹത്തിൽ  പ്രാധാന്യം അർഹിക്കുന്ന വിഷയം. എന്നാൽ ഇന്നിതിന്റെ ശോഭ ഒരർത്ഥത്തിൽ കുറയുന്നു. മനുഷ്യന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ് പ്രകൃതി. പ്രകൃതിയിലെ ഒരോ ജീവജൈലവും ആതിന്റെ മേന്മ ഇരട്ടിപ്പിക്കുന്നു. പരിതഥി സംരക്ഷണം സമൂഹത്തിൽ വളരെയധികം പ്രാധാന്യമർഹിക്കുന്നു. എന്നാൽ അതിന് വിപരീതമായി പരിസ്ഥിതിയെ സ്വന്തം സ്വാർത്ഥ താത്പര്യങ്ങൾക്കായി ഇഞ്ചിഞ്ചായി പിഴിഞ്ഞെടുക്കുന്നു. ഭൂമിമാതാവിന്റെ മടിത്തട്ടിൽ പ്രകൃതിക്ക് വളരെ സ്ഥാനമുണ്ട്. എന്നാൽ അതിൽ നിന്നൊക്കെ വ്യതിചലിച്ച മനുഷ്യന്റെ ക്രൂരപ്രവൃത്തികൾക്ക് പ്രകൃതി ഇരയാകുന്നു. പ്രകൃതിയെ വാനോളമുയർത്തി അതിന്റെ തേജസ്സിന് ഒട്ടും

മങ്ങലേൽപ്പിക്കാതെ സംരക്ഷിച്ചുപോന്ന ഒരു തലമുറയുണ്ടായിരുന്നു. മണ്ണിൻെറ ഗന്ധം ആസ്വദിച്ച് ജീവിചച്ചിരുന്ന ഒരു യുഗത്തിലെ മനുഷ്യൻ. കൃഷിയും, അതിൽനിന്നുലഭിക്കുന്ന സന്തോഷവും ആത്മനിർവൃതിയിലും ആനന്ദം കണ്ടെത്തിയവർ. കഠിനാധ്വാനത്തിൻെറ വേരുകളിലൂടെ കയറി നാടിനെ സുഭിക്ഷതയിലേക്ക് നയിച്ചവർ. എന്നാൽ അതിൽ നിന്നെല്ലാം മാറി മണ്ണിനെ അറപ്പോടെയും വെറുപ്പോടെയും കാണാൻ പുതുതലമുറ ശീലിച്ചു. അതിലൂടെ ലഭിക്കുന്ന ആനന്ദം അവരെ തൃപ്തരാക്കി. മണ്ണിൽ ഇറങ്ങിനടക്കാൻ ആഗ്രഹിക്കുന്ന കുഞ്ഞുങ്ങളേപ്പോലും പിന്തിരിപ്പിച്ച് കമ്പ്യൂട്ടറിൻെറയും, ഗെയിമിൻെയും ലോകം സൃഷ്ട്ടിക്കാൻ മാതാപിതാക്കൾ പലരും വഴിയൊരുക്കുന്നു. ഒരു പത്തുകൊല്ലം മുമ്പ് ഉണ്ടായിരുന്ന പ്രകൃതിക്ക് ഇന്ന് മാറ്റങ്ങളേറെയാണ്. സ്വന്തം അഭിപ്രായങ്ങൾക്കും , താത്പര്യങ്ങൾക്കും ഊന്നൽ നൽകി ഇല്ലാതാക്കുമ്പോൾ നശിക്കുന്നത് വരാനിരിക്കുന്ന തലമുറയുടെ ജിവിതം തന്നെയാണ്. മരങ്ങൾ വെട്ടി നശിപ്പിച്ച് തരിശു ഭൂമിയാക്കി,വനങ്ങളെ തീരെ ഇല്ലാതാക്കി മനുഷ്യൻ തൻെറ ഉദ്യമം നിർവഹിക്കുന്നു.എന്നാൽ ഇതിൻെറയെല്ലാം അനന്തരഫലം അതിൻെറ ആഘാതം ഏറ്റുവാങ്ങേണ്ടി വരുന്നത് മാനവൻ തന്നെയാണെന്ന ചിന്ത തീർത്തും മറഞ്ഞു പോയിരിക്കുന്നു. ജീവികളുടെ ആവാസവ്യവസ്ഥയും അതിനേൽക്കുന്ന തിരിച്ചടികളും കാട്ടിക്കൂട്ടുന്നഅക്രമങ്ങൾക്ക് അന്ത്യമില്ല . കുന്നിൻച്ചെരിവുകൾ മണ്ണിട്ടുനികത്തി കുറ്റൻ കെട്ടടങ്ങൾ പൊങ്ങുമ്പോൾ അതിൻെറ ദൂഷ്യഫലം സങ്കൽപ്പിക്കാൻകൂടി കഴിയില്ല. ഇതിനെല്ലാം ഇരയാകുന്നത് പ്രകൃതിയാണ്. “മണ്ണിനെ മുത്തമിടാൻ മഴയ്ക്ക് ആഗ്രഹമുണ്ടെങ്കിലും കോൺക്രീറ്റിൽ തലതല്ലിചാവാനാണ് മഴയുടെവിധി"അതെ, മനുഷ്യൻെറ അക്രമങ്ങളുടെ നേർകാഴ്ച്ചയാണ് ഇവ. നാം നമ്മുടെ ദുഷിച്ച മനസ്സോടെ സംരക്ഷിക്കേണ്ട പ്രകൃതിയെ നോവിക്കുമ്പോൾ അതിനാൽ കഴിയുന്ന രീതിയിൽ പ്രകൃതിക്ഷോഭങ്ങളുടെ രീതിയിൽ പ്രകൃതി തിരിച്ചടിക്കുന്നു.

ഇതാണോ വികസനം? വികസനമെന്ന പദം കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? മനുഷ്യൻെറ ക്രൂരതകൾക്ക് ബലിയാടാവാനാണോ ഭൂമി. മാലിന്യ കൂമ്പാരങ്ങളാൽ കുനകൾ സൃഷ്ടിച്ച് ജല സ്രോതസുകളെ വിഷമാക്കിതീർക്കാനുള്ള മനുഷ്യൻെറ പുറപ്പാടിന് ഒരന്ത്യവുമില്ലേ.

നാം കാട്ടിക്കൂട്ടുന്ന പ്രവർത്തികൾക്ക് അനുസൃതമായി പരിസ്ഥിതി ദിനംപ്രതി ഇല്ലാതാകുന്നു. പണ്ടുണ്ടായിരുന്ന പലവൃക്ഷങ്ങളും, സസ്യങ്ങളും എന്തിന് മൃഗങ്ങൾക്കുപോലും വംശനാശം സംഭവിക്കുന്നു. പ്രകൃതിക്കുമായുസുണ്ട്. അത് ജീവിതകാലംവരെ നിലനിൽക്കണമെന്ന് ആശയുണ്ടെങ്കിൽ അൽപ്പമെങ്കിലും കാര്യങ്ങൾ ഗ്രഹിക്കണം. ദിനംപ്രതി പ്രകൃതി മലിനമായി ഒരർത്ഥത്തിൽ ഇല്ലാതാകുന്നു. ഇതിനെല്ലാം ഒരന്ത്യമില്ലേ? ബുദ്ധിയും വിവേകവും ഉണ്ടെന്നു കരുതുന്ന മനുഷ്യരുടെ ചിന്താശേഷിക്ക് മാറ്റം വന്നു. ഇന്ന്



മണ്ണിലിറങ്ങി പണിയെടുക്കണമെങ്കിൽ അന്യസംസ്ഥാനതൊഴിലാളികളെ തേടേണ്ട ഗതികേടാണ്. പലരും പരിസ്ഥിതിയെ പുച്ഛത്തോടെയാണ് വീക്ഷിക്കുന്നത്. ഇതിൻെറയെല്ലാം അനന്തര ഫലമെന്താണ്? ഇങ്ങനെയൊരു ലോകമുണ്ടായിരുന്നുവെന്ന് മറ്റു തലമുറകളെ ബോധ്യപ്പെടുത്താനെങ്കിലും ഒരിറ്റു നിലം വേണ്ടേ? അതിനുസമൂഹം മുഴുവൻ ഒരുപോലെ കൈകോർത്തിറങ്ങണം. പരിസഥിതി സംരക്ഷമെന്ന പേരിൽ കോഴ വാങ്ങുന്ന ഉദ്യോഗസ്ഥൻ മാർക്കെതിരേയും ക്രൂരതകൾ നടക്കുന്ന മനുഷ്യ കുലത്തിനെതിരേയും ശബ്ദമുയർത്തണം. ഇത്തരത്തിൽ മുന്നോട്ടുപോയാൽ നശിക്കുന്നത് കുറേപേരുടെ ജീവിതമാണ്. സമൂഹത്തെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന മനുഷ്യൻെറ നീച

പ്രവൃത്തികൾക്ക് അന്ത്യം കുറിച്ചുകൊണ്ട് ഒരേമനസ്സോടെ ശബ്ദമുയർത്തണം. മറ്റുള്ളവരുടെപ്രവൃത്തികൾ എന്തെന്ന് ചിന്തിക്കാതെ മുന്നേറണം ഇതിനെതിരെ നിരവധി എതിർപ്പുകൾ ഉണ്ടാവാം. അതൊന്നും വകവക്കാതെ നമ്മുടെ കർത്തവ്യം നിർവഹിക്കണം. അതിന് സമരങ്ങളും മറ്റ് ആവശ്യങ്ങളുമുണ്ടെങ്കിൽ അതിൽ തെറ്റില്ല. പരിസ്ഥിതി സംരക്ഷണമായിരിക്കണം നമ്മുടെ ലക്ഷ്യം. അതിന് പരിസ്ഥിതി സൗഹൃദ വികസനം സൃഷ്ടിക്കണം. പരിസ്ഥിതിയെ സുഹൃത്തായി കരുതി അതിൻെറ പുരോഗതിക്കായി മുന്നേറാം. വരും തലമുയ്ക്ക് നൽകാനാവുന്ന ഏറ്റവും നല്ല സമ്മാനമാണത്.

**ജുവൽ മേരി**



# മിഴിനീർ നൽകിയ കഥ


ലതയുടെ ചുവന്ന തുടുത്ത കവിളിലൂടെ കണ്ണുനീർ ഇറ്റിറ്റായി വീഴുന്നു. അമ്പ് തറച്ചതുപോലെ ആവളുടെ ഹൃദയം നിറുന്നു. അവൾ ഉമ്മറപടിയിൽ നിൽക്കുന്നു. അയാൾ മുറ്റത്തേക്കിറങ്ങി. ഒന്നു തിരിഞ്ഞു നോക്കി പിന്നെയും തിരിഞ്ഞു നോക്കി പിന്നിട് നടന്നു. ലതയുടെ കണ്ണുകൾ എങ്ങനെയോ അറിയാതെ വെള്ളം കൊണ്ട് മൂടപ്പെട്ടിരുന്നു. മാധവൻ എന്ന ലതയുടെ ഭർത്താവ് ഗൾഫിലേക്ക് പോകുന്ന കാഴ്ചയുടെ കണ്ണുനീരായിരുന്നു അത്. വീട്ടിലെ ബാധ്യതയാണ് അയാളെ തരംതാഴ്ന്ന അവസ്ഥയിലെത്തിച്ചത്. കുഞ്ഞിനെ പിരിഞ്ഞു നിൽക്കേണ്ട അവസ്ഥപോലും ഉണ്ടാക്കിയത് ഈ കാരണത്താലാണ്. നാട്ടിൽ ഒരു കർഷകനായിരുന്നു മാധവൻ. ലാഭം കുറവെങ്കിലും സംതൃപ്തരായി അവർ കഴിഞ്ഞുകൂടിയിരുന്നു. ആ സംതൃപ്തിയിൽ ഇരുണ്ട കരിനിഴൽപോലെ വന്ന വാർത്തകേട്ട് മാധവൻ ഒരു നിമിഷം എല്ലാം നഷ്ട്ടപ്പെട്ടതുപോലെയായി. സർക്കാർ പുതിയ റോഡാവാശ്യത്തിനായി മാധവൻെറ കൃഷി സ്ഥലം പിടിച്ചെടുത്തു. പട്ടിയുടെ വില പോലും ഇല്ലാത്ത പണം നൽകി ഇ വിവരം അറിഞ്ഞ് കൂട്ടുകാരനായ ഗോപി അവിടെയെത്തി സമാധാനിപ്പിച്ചു. എങ്കിലും തൻെറ വിയർപ്പ് പൊടിഞ്ഞ മണ്ണിനെ

വിട്ടുകൊടുക്കാനാകുമോ? പൂർണചന്ദ്രന്റെ വെളിച്ചത്തിൽ മാധവന്റെ മുഖം മാത്രം തിളങ്ങി. പ്രക്ഷുബ്ധമായ തിരമാലയുടേയും ഒറ്റയ്ക്കൊഴുകുന്ന പുഴയുടേയും, തേങ്ങിക്കരയുന്നമേഘത്തിന്റെയും ഭാവങ്ങളായിരുന്നു ആ മുഖത്ത്. എന്നിട്ട് അയാൾ ഒരു ചാരുകസേരമേൽ ശാന്തനായി ഇരുന്നു. പ്രഭാപതമായപ്പോൾ സൂര്യൻ പുഞ്ചിരിതൂകി എങ്കിലും മാധവന്റെ മുഖം ഇന്നും ദു:ഖത്തിലാണ് കൂട്ടുകാരൻവീണ്ടും വന്നു, മാധവനോട് ഒരു ജോലിയുണ്ടെന്നു പറഞ്ഞു. അൽപ്പം അധ്വാനിക്കണമെന്നു മാത്രം. മാധവന്റെ മുഖം പൂനിലാവിൽ കുളിച്ച ചന്ദ്രനെപ്പോലെ തിളങ്ങി. ജോലി എവിടെയാണെന്ന ആകാംക്ഷ അദ്ദേഹത്തിൽ നിറഞ്ഞുനിന്നു ഗൾഫിലാണ് എന്ന് കേട്ടപ്പോൾ ഉദിച്ചുനിന്ന മുഖം അൽപ്പമിരുണ്ടു. വാതിൽക്കൽനിന്ന് ലത പറഞ്ഞു: "നല്ലത്, ഈ ജോലി മാധവേട്ടൻ ഏറ്റെടുക്കണം."നമ്മുടെ കുഞ്ഞിനെയോർത്ത് ഞാനിവിടെ ഒറ്റയ്ക്കാകുമെന്ന പേടി വേണ്ട. കല്ല്യാണിയെ വിളിച്ചു നിർത്താം. ഇടയ്ക്കൊക്കെ വന്നു പോകാമല്ലോ ശരി ഞാൻപോകാം സന്തോഷത്താൽ നിറഞ്ഞ് ലത കുഞ്ഞിനെ കെട്ടിപുണർന്നു. കുതിച്ചുയരുന്ന വിമാനത്തിൽ കുതിച്ചുയരുന്ന കണ്ണുകളുമായി മാധവൻ ഇതെല്ലാം ഓർക്കുകയായിരുന്നു തന്റെ കഴിഞ്ഞകാലം. ഈ അവസ്ഥയിലെത്തിച്ചകാലം അവസാനം ഗൾഫിലെത്തി അന്യനാട്, അന്യഭാഷ തപ്പിപ്പിടിച്ച് ജോലി സ്ഥലത്തെത്തി. ഒരു ഹോട്ടലിൽ ചെറിയൊരു പണി. വരുമാനം കുറവെങ്കിലും ഇതുമതി കത്തുന്ന വയറടക്കാൻ. അങ്ങനെ നീണ്ട ഒന്നരവർഷം കടന്നുപോയി വീട്ടിലെ വിവരങ്ങളറിയാൻ യാതൊരു മാർഗവുമില്ല പുഞ്ചിരി തൂകുന്ന ലതയും കരയുന്ന കുഞ്ഞും മാത്രം മനസ്സിൽ. അപ്പോഴാണ് മാനേജർ അയാളെ വിളിപ്പിച്ചത്. ഒരു മാസത്തെ ലീവ് അനുവധിച്ചു. ഇതുവരെയുള്ള അധ്വാനത്തിന്റെ വില നൽകി. അഹ്ളാദത്താൽ ആ കണ്ണുകൾ നിറഞ്ഞുതുളുമ്പി. അന്നുതന്നെ വിമാനത്തിൽ കയറി. പിറ്റേന്ന് നാട്ടിലെത്തി. അകലെനിന്നും വരുന്ന മാധവനെക്കണ്ട് ലത കുഞ്ഞിനെയും കൊണ്ട് അരകിലെത്തി. ഇരുവരുടെയും കണ്ണുകൾ നിറഞ്ഞു തുളുമ്പി. ദാരിദ്ര്യം അലിഞ്ഞ് പുഴയോടും ചേർന്നു. അപ്പോഴും കുതിച്ചുയരുന്ന വിമാനം അവരെ വട്ടമിട്ടുകൊണ്ടിരുന്നു.

**ഓലിവിയ സൂസൻ മാത്യു**

# മരിക്കുന്ന കർഷകർ

നാടിൻെറ ചൈതന്യം ഉയർത്തിയ കർഷകർ
ദൂരേക്കുമായുവതെന്തുകൊണ്ടോ
സ്ഥാനമില്ലാത്തൊരീ ഭൂമിയിൽ നിൽപ്പതു
പാഴ്ജന്മമാണെന്നറിഞ്ഞുവോ..
വിതയുടെ നാളുകൾ, കൊയ്ത്തിന്റെ നാളുകൾ
ഇനിയൊരു സ്വപ്നമായ് മാറുമല്ലോ
ഉണങ്ങിയ നെല്ലിൻെറ കതിരുപോലവരെല്ലാം
മായുന്നു, മറയുന്ന ദൂരെയെങ്ങോ........
കളകളമായൊരു കിളികളൊരായിരം
വിളകളുതിർക്കുവാൻ വരുവാനില്ല
മെല്ലെ മെല്ല തഴുകിടാനെത്തുന്ന
കാറ്റിന്നെവിടെ പോകുമല്ലേ
മരിക്കുന്ന കർഷകാ........ നീ വരു നാളെയൊ-
രായിരം ദീപത്തിൻ പ്രകാശമേകാൻ
അശാന്തമാം ലോകം വെടിഞ്ഞുടൻ, നാമിനി
ശാന്തതതേടി തിരിച്ചുപോകാം.



അഞ്ജിമ.വി ആർ



# തളിരിടുന്ന കാലം

സായംസന്ധ്യയിൽ ചെമ്മാന സൂര്യൻ മെല്ലെ കടലിൽ താണു തുടങ്ങി . മകരമാസത്തിൽ ചെറുകുളിരും കോടമഞ്ഞും അരിച്ചരിച്ച് വരാൻ തുടങ്ങി മലമുകളിൽ സെൻ്റ് മേരീസ് ചർച്ചിൽ നിന്ന് സന്ധ്യ മണി മുഴങ്ങി തുടങ്ങി . കരുണപുരം ഗ്രാമത്തിലെ വിശ്വാസികൾ മണി ശബ്ദം കേട്ട് നെറ്റിയിൽ കുരിശ് വരച്ചു . സന്ധ്യാ പ്രാർഥനയ്ക്കായി പോകുമ്പോൾ ഇരുളിൽ ആ മങ്ങിയ കാഴ്ച അദ്ദേഹം കണ്ടു . കുരിശിൻ തൊട്ടിയോട് ചേർന്നുള്ള മതിലിനോട് ചേർന്ന് കൂനിപ്പിടിച്ചിരിക്കുന്ന ഒരു കറുത്ത രൂപം ഫാദർ മെല്ലെ അങ്ങോട്ട് ചെന്നു .

"ആരാ അവിടെ ഇരിക്കുന്നത്" ?

ഒരു മറുപടിയും ഉണ്ടായിരുന്നില്ല .

അദ്ദേഹം വീണ്ടും ചോദിച്ചു :

"ആരാണവിടെ "?

ഇപ്രാവശ്യം ഒരു മങ്ങിയ രൂപം ഫാദറിൻ്റെ അടുത്തേക്ക് നടന്നു വന്നു .

ഇരുൾ വീണു തുടങ്ങിയതിനാൽ ഫാദറിന് ആരാണെന്ന് വ്യക്തമായില്ല . മെല്ലെ അടുത്തെത്തിയ അയാൾ അച്ചന്റെ ഇരു കൈകളും പിടിച്ച് ആദ്യം വിങ്ങി പൊട്ടി . പിന്നെ പൊട്ടി കരഞ്ഞു .

ഇടറിയ സ്വരത്തിൽ മെല്ലെ പറഞ്ഞു .

"ഫാദർ ഞാനാണ് ജോജി "

ഫാദർ ഞെട്ടലോടെ ചോദിച്ചു .

"ജോജിയോ ? "

കുരിശിൻതൊട്ടിയോട് ചേർന്ന കത്തുന്ന മെഴുകുതിരികളുടെ മങ്ങിയ വെളിച്ചത്തിൽ അവന്റെ മുഖത്തേക്ക് നോക്കിയ ഫാദറിന്റെ മുഖത്ത് ഒരു നിമിഷം വിവിധ ഭാവങ്ങൾ മിന്നിമറിഞ്ഞു .

അദ്ദേഹത്തിന്റെ ഓർമ്മകൾ മൂന്ന് പതിറ്റാണ്ട് പുറകോട്ട് സഞ്ചരിക്കാൻ തുടങ്ങി .

ഇതുപോലൊരു തണുപ്പുള്ള രാത്രിയിൽ കുരിശിൻ തൊട്ടിയോട് ചേർന്നുള്ള തറയിൽ തുണിയിൽ പൊതിഞ്ഞ് കിടക്കുന്ന ആൺക്കുട്ടി . അവൻ അലറിക്കരഞ്ഞുകൊണ്ടേയിരുന്നു . ജോസഫച്ചൻ ഓടിചെന്ന് അവനെ വാരിയെടുത്ത് പള്ളിയോട് ചേർന്നുള്ള ഓർഫനേജിൽ കൊണ്ടുപോയി . ഫാദർ കിതച്ചുകൊണ്ട് ഓർഫനേജിന്റെ അങ്കണത്തിലേക്ക് പ്രവേശിച്ച് കോളിങ് ബെല്ലിൽ വിരലമർത്തി .

ബെല്ലടിക്കുന്ന ശബ്ദം മദർപുറത്തേക്കിറങ്ങി വന്നു . അവർ ചോദിച്ചു :

"അച്ചാ എവിടുന്ന് കിട്ടി ഈ കുട്ടിയെ ?"

"നമ്മുടെ പള്ളിയോട് ചേർന്നുള്ള കുരിശടിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടതാണ് . "

ട്യൂബ്ലൈറ്റിന്റെ വെളിച്ചത്തിൽ അച്ചൻ ആ കുട്ടിയുടെ മുഖത്തേക്ക് നോക്കി . സുന്ദരനും നിഷ്കളങ്കനുമായ ഒരു ആൺകുട്ടി .

അച്ചൻ മദറിനോട് പറഞ്ഞു :

"മദറെ ഇവൻ ഇവിടുത്തെ നമ്മുടെ പുതിയ അന്തേവാസിയാണ് . ജോജി എന്ന പേരിൽ ഇവിടുത്തെ രജിസ്റ്ററിൽ ഇവന്റെ പേര് ചേർത്തേക്കു .

“ആ ശരി ഫാദർ . ”

മദർ ആ കുട്ടിയെ തൊട്ടിലിൽ കിടത്തി .

അങ്ങനെ ജോജി മിടുക്കനായ ഒരാൺകുട്ടിയായി വളർന്നു . അഞ്ച് വയസ്സായപ്പോൾ അവനെ സ്കൂളിൽ ചേർത്തു . അവൻ മിടുക്കനായി വളർന്നു . അവന്റെ കൂട്ടുക്കാർക്ക് അവൻ മാതൃകയായിരുന്നു . സ്കൂളിലെ ടീച്ചേർസിന്റെ കണ്ണിലുണ്ണിയായിരുന്നു . അങ്ങനെ പത്താം ക്ലാസ് ഡിസ്റ്റിങ്ഷനോടെ പാസ്സായി . പ്ലസ്ടുവിൽ ഉന്നത വിജയം നേടി .

ഉപരിപഠനത്തിനായി കോളേജിൽ ചേർത്തു .

ആ പുതിയ ലോകം അവനെ വിസ്മയിപ്പിച്ചു . അതോടൊപ്പം അവന്റെ സ്വഭാവത്തിലും ചെറിയ മാറ്റങ്ങൾ ഉണ്ടായി .

പണക്കാരായ കുട്ടികളുടെ ആർഭാടമായ ജീവിതത്തോട് അവനും താൽപര്യം തോന്നി . അവരെ പോലെ ജീവിക്കണമെന്ന് അവന്റെ മനസ്സിൽ ഒരാഗ്രഹം തോന്നി . അങ്ങനെ ജോജി പണക്കാരായക്കൂട്ടുകാരെ തേടി തുടങ്ങി . അവന്റെ പരിശ്രമഫലമായി ഡെവിൾ ഫൈവ് എന്ന് പേരുള്ള അഞ്ചംഗ സംഗത്തിൽ അവനും അംഗമായി . ഫ്രഡി എന്നായിരുന്നു നേതാവിന്റെ പേര് . ജോജിയെ തങ്ങളുടെ സ്വാർത്ഥ താൽപര്യത്തിന് ഡ്രഗ്സ് കാര്യറായി ഉപയോഗിക്കാനാണ് സംഘത്തിൽ ചേർത്തത് .

എന്നാൽ നിഷ്കളങ്കനായ ജോജി തനിക്ക് നല്ല കൂട്ടുകാരെ കിട്ടിയെന്ന് കരുതി സന്തോഷിക്കുകയായിരുന്നു . തന്റെ കൈയ്യിൽ അവർ ഏൽപ്പിക്കുന്നത് തന്നെ പാതാളത്തിലേക്ക് തള്ളിയിടാൻ സാധിക്കുന്നതാണെന്ന് ജോജി മനസ്സിലാക്കിയില്ല .

തന്റെ കൂട്ടുകാർ തന്നോട് കാണിക്കുന്നത് കാപട്യം നിറഞ്ഞ സ്നേഹമാണെന്ന് അവൻ തിരിച്ചറിഞ്ഞില്ല . പതിവ് പോലെ ഫ്രഡി ജോജിയുടെ കൈയ്യിൽ ഒരു ബാഗിൽ മയക്കമരുന്ന് കൊടുത്തു . പാവം ജോജി അതിൽ എന്താണെന്ന് പോലും ചോദിക്കാതെ പൂർണ്ണമായി വിശ്വസിച്ച് കൊണ്ട് ഫ്രഡി നിർദേശിച്ച സ്ഥലത്തേക്ക് പോയി . എന്നാൽ അവന്റെ മനസ്സിൽ പതിവിനുവിരുദ്ധമായി എന്തോ ഒരു അസ്വസ്ഥത തോന്നുന്നുണ്ടായിരുന്നു .

കുറെ ദൂരം കഴിഞ്ഞപ്പോൾ പോലീസ് ചെക്കിങ് . അവർ കാറിലിരുന്ന ബാഗ് തുറന്നു നോക്കി .ജോജിക്ക് അതെന്തെന്ന് മാനസ്സിലായില്ല . അവൻ അതിനെ കുറിച്ച് ചിന്തിക്കുമ്പോൾ ഒരു പോലീസുകാരൻ വിളിച്ചു പറഞ്ഞു .

"സാർ ഇത് മുഴുവൻ മയക്കമരുന്നാണ് "

ജോജിക്കത് വിശ്വസിക്കാനായില്ല .

" മയക്കമരുന്നോ?"

ജോജി വിശ്വസിക്കാനാവാതെ ചോദിച്ചു . "നീ എന്താടാ ഒന്നുമറിയാത്ത പോലെ സംസാരിക്കുന്നത് എല്ലാം ഒപ്പിച്ചിട്ടപ്പോൾ ............."

ആ പോലീസുക്കാരൻ പറഞ്ഞുതീരുന്നതിന്ന് മുമ്പ് ജോജി പറഞ്ഞു: "സാർ ഇതു മയക്കമരുന്നാണെന്ന് എനിക്കറിയില്ലായിരുന്നു".

" ഷട്ടപ്പ് യു ബ്ലെഡി " ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്റെ ശബ്ദം അവിടെ മുഴങ്ങി .

വിധി ജോജിക്കെതിരെയായിരുന്നു . അവൻ താൻ ചെയ്ത തെറ്റിനുള്ള ശിക്ഷ അനുഭവിക്കേണ്ടി വന്നു . എന്നാൽ പണത്തിന്റെ സഹായത്തോടെ ഫ്രെഡിയും കൂട്ടരും രക്ഷപ്പെട്ടു . കഴിഞ്ഞുപോയ എല്ലാ കാര്യങ്ങളും അച്ഛന്റെ മനസ്സിലൂടെ മിന്നായം പോലെ കടന്നുപോയി .

"ജോജി" അച്ഛൻ വിളിച്ചു .

ഒരു പൊട്ടിക്കരച്ചിൽ അല്ലാതെ വേറൊരുത്തരവും ജോജിയിൽ നിന്നുണ്ടായില്ല .

"മോനെ ജോജി നീ ഇങ്ങനെ സങ്കടപ്പെടാതെ" അച്ഛൻ പറഞ്ഞു . "അച്ഛാ ഞാൻ തെറ്റു ചെയ്തുപോയി അച്ഛന്റെ വാക്കുകൾ ഞാൻ ചെവികൊണ്ടില്ല". സങ്കടം കൊണ്ട് ആഹൃദയംവിങ്ങിപ്പൊട്ടി . "മോനെ, പശ്ചാത്താപമാണ് ഏത് തെറ്റിനും ഉള്ള പരിഹാരം". സമ്പത്തും പ്രതാപവുമല്ല ജീവിതത്തിന്റെ അടിസ്ഥാനം എന്ന് അവൻ മനസ്സിലാക്കി . അവൻ അങ്ങനെ അച്ഛന്റെ കൂടെയുള്ള ഒരു സുന്ദരമായ ജീവിതം പുനരാരംഭിച്ചു .

**സനില**



# മാതൃക

ടിങ്. സ്കൂളിൽ ബെല്ലടിച്ചത് വകവയ്ക്കാതെ ക്ലാസിനുള്ളിൽ രണ്ടും മൂന്നും പേരടങ്ങുന്ന കുട്ടങ്ങളായിചർച്ചകളും കളികളും നടന്നുകൊണ്ടിരിക്കുകയാണ്. ആ പിരീഡ് വിഷയമെടുക്കേണ്ട ടീച്ചർ അവധിയാണെന്ന് രാവിലെ തന്നെ തൻെറ കൂട്ടുകാരി ഹൃദ്യയുമായുള്ള പതിവ് സ്കൂൾ ചുറ്റലിലൂടെ ഹിമ മനസിലാക്കിയിരുന്നു.

ആ പിരീഡ് ടീച്ചർ ഇല്ലാത്തതിനാൽ ഹൃദ്യയുമൊത്ത് താനെഴുതിയ പുതിയ കവിതയെ പറ്റിയുള്ള സംസാരത്തിലായിരുന്നു ഹിമ. ബെല്ലടിക്കാൻ അര മണിക്കൂർ ബാക്കിയുള്ളപ്പോഴാണ് സ്കൂളിൽ പുതുതായി വന്ന ടീച്ചർ ക്ളാസിലേക്കു കയറിവന്നത്. പെട്ടെന്ന് എല്ലാവരുടെയും ശ്രദ്ധ ടീച്ചറിലേക്കായി. ടീച്ചർ സ്വയം പരിചയപ്പെടുത്തിയതിനു ശേഷം ഓരോരുത്തരോടായി തന്നെ ഏറ്റവും സ്വാധീനിച്ച വ്യക്തി ആരാണെന്നു ചോദിച്ചു തുടങ്ങി. ചോദ്യം കേട്ട ഹിമ ടീച്ചറടുത്തെത്തുമ്പോൾ ആരെ പറയും എന്ന ചിന്തയിലായി. മനസിലൂടെ പല ചരിത്രകാരൻമാരും നേതാക്കളും നോവലിസ്റ്റുകളും കവികളും ഒക്കെ കടന്നുവന്നു. പക്ഷേ ഇവരിൽ ആരെ പറയണമെന്ന് ഉറപ്പിക്കാനായില്ല. ടീച്ചർ തൻെ

ബെഞ്ചിന്റെ സൈഡിലെത്തി. "ഡോ. എ.പി.ജെ.അബ്ദുൾ കലാം ...." "പൗലോ കൊയ്‌ലോ" ....... അടുത്തത് ഹിമയാണ്. പെട്ടെന്ന് അവൾക്ക് തന്റെ റോൾ മോഡലിനെ പറയാൻ കഴിഞ്ഞില്ല. ടീച്ചർ അവളോട് ചോദിച്ചു. "തന്റെ പേരെന്താണ് ?"അവൾ മറുപടി പറഞ്ഞു. "ഹിമ." "ആട്ടെ തനിക്ക് റോൾ മോഡലായി ആരുമില്ലേ ?"ഹിമ പെട്ടെന്ന് മറുപടി പറഞ്ഞു.

അച്ഛൻ .. അച്ഛൻ..

വീണ്ടും ടീച്ചർ ബാക്കിയുള്ളവരോട് ചോദിച്ച് കടന്നുപോയി. പെട്ടെന്ന് ഹിമയിലുണ്ടായ മാറ്റം ആരും ശ്രദ്ധിച്ചില്ല. തന്റെ കുഞ്ഞു കണ്ണുകളിൽ കണ്ണീരൊളിപ്പിച്ചുവയ്ക്കാൻ ശ്രമിച്ചെങ്കിലും അവളെക്കൊണ്ടായില്ല.പെട്ടെന്നായിരുന്നു ഹൃദ്യയുടെ ചോദ്യം;എന്താ നിനക്ക് പറ്റിയത്..?

ഒന്നുല്ലാടോ പൊടി വീണുന്നാ തോന്ന്ന്നത്...

നീയൊന്ന് ഊതിക്കേ...

ങാ.. ശരിയായോ?

ആ.. പോയീന്നാ തോന്ന്ന്ന്..

ടീച്ചർ ക്ളാസിൽനിന്ന് ഇറങ്ങിക്കഴിഞ്ഞു.എല്ലാവരും കളികളിലേക്കും സംസാരത്തിലേക്കും തിരിച്ചുവന്നു.ഹൃദ്യ- ഹിമേ നീയില്ലേ കളിക്കാൻ?

ഇല്ല ഞാനില്ല... എനിക്കെന്തോ തലവേദന,നീ അവരുടെ കൂടെ കളിച്ചോ, ഞാനില്ല.

നിനക്ക് പെട്ടെന്ന് എങ്ങനെയാ ഈ തലവേദന വന്നേ?

ആ എനിക്കിപ്പം ഒരു മൂഡില്ല അത്ര തന്നെ.

ഇത്തിരി ദേഷ്യത്തോടെയായിരുന്നു ഹിമയുടെ മറുപടി.പിന്നെ ഹൃദ്യ അധികം തിരക്കാൻ നിന്നില്ല.അന്ന് വീട്ടിലേക്ക് പോകുന്ന വഴി മുഴുവൻ അവളുടെ മനസിൽ ടീച്ചറുടെ ചോദ്യവും പെട്ടെന്നുള്ള അവളുടെ ഉത്തരവുമായിരുന്നു.കണ്ണീർ ഇടവിടാതെ പൊഴിയാൻ തുടങ്ങി.

അച്ഛൻ.... അച്ഛനായിരുന്നു അവൾക്കെല്ലാം. നന്നേ ചെറുപ്പം തൊട്ട് അവളുടെ ബെസ്റ്റ്ഫ്രണ്ട്. അച്ഛൻ നല്ലവണ്ണം വായിക്കുകയും കവിത എഴുതുകയും ചെയ്തിരുന്നു.ഹിമയിൽ കവിതയോടും വായനയോടുമുള്ള താൽപര്യം അദ്ദേഹം കണ്ടെത്തിയതോടെ ഒരുമിച്ചുള്ള യാത്രകളിൽ ഓരോ കവിതകളെപ്പറ്റിയും

കവികളെപ്പറ്റിയും അത് അവർ എഴുതാനിടയായ സാഹചര്യത്തെപ്പറ്റിയും ഒക്കെ വിവരിച്ചുകൊടുക്കുകയും അവളെ ആ കവിത ചൊല്ലിക്കേൾപ്പിച്ച് പഠിപ്പിക്കുകയും ചെയ്യുമായിരുന്നു. അച്ഛനോടൊപ്പമുള്ള യാത്രകൾ അവൾക്ക് വളരെ ഇഷ്ടമായിരുന്നു.ഓരോ പുസ്തകങ്ങളെപ്പറ്റി പറഞ്ഞ് കൊടുക്കുക വഴി അവളിൽ ആ പുസ്തകം വായക്കാനുള്ള കൗതുകം അദ്ദേഹം ഉണർത്തിയിരുന്നു.അവൾ സ്കൂൾ വിട്ട് തിരികെ വരുമ്പോൾ അവളുടെ പഠനമേശയിൽ സമ്മാനപ്പൊതിയിൽ പൊതിഞ്ഞ പുസ്തകങ്ങൾ മിക്കപ്പോഴും ഉണ്ടാകുമായിരുന്നു.അവൾക്കെന്തും മടിക്കുടാതെ തുറന്ന് സംസാരിക്കാവുന്ന ഏക ആളായിരുന്നു അച്ഛൻ. അവളുടെ ചെറിയ ചെറിയ വാശികൾ അപ്പോൾതന്നെ സാധിച്ച് നൽകുമ്പോൾ അമ്മ പറയും നിങ്ങളാ ഈ പെണ്ണിനെ വഷളാക്കുന്നതെന്ന്. അതൊന്നും വകവയ്ക്കാതെ എല്ലാത്തിനും അവളുടെ കൂടെ അദ്ദേഹമുണ്ടായിരുന്നു.അവളുടെ ഏറ്റവും സന്തോഷമുള്ള ഓർമകൾ മിക്കതും അദ്ദേഹത്തോടൊപ്പമാണ്.

അടുത്ത പാലം കടന്നാൽ വീടെത്തും. പെട്ടെന്ന് ബാഗിൽ നിന്നും വെള്ളക്കുപ്പി പുറത്തെടുത്ത് അവൾ മുഖം കഴുകി. അച്ഛൻ വീട്ടിലുണ്ട്, അച്ഛന് ഞാൻ കരയുന്നത് ഇഷ്ടമല്ല, എന്ന് സ്വയം പറഞ്ഞ് മുഖത്തെ വിഷമഭാവം മാറ്റാൻ ശ്രമിച്ച് അവൾ വീട്ടിലേക്ക് നടന്നു. അച്ഛൻ ഉമ്മറത്ത് കസേരയിലിരിക്കുന്നുണ്ട്. ഇടറിയ ശബ്ദത്തിൽ പാതിവിഴുങ്ങി അദ്ദേഹം അവളോട് സംസാരിച്ചു.

ആരാ?

ഞാനാ അച്ഛാ ഹിമ.

നിനക്കിന്ന് സ്കൂളിലൊന്നും പോകണ്ടേ?

പോയി വന്നു അച്ഛാ.

ഇപ്പോൾ സമയം എന്തായി?

4:30

അവൾ കണ്ണുകൾ തുടച്ച് അകത്തേക്ക് കയറിപ്പോയി. പെട്ടെന്നാണ് അമ്മ വിളിച്ചത്. അമ്മ പറഞ്ഞു, മോളെ ഇന്ന് ആശുപത്റിയിൽ പോയിരുന്നു. അച്ഛന്റെ അസുഖം സെക്കൻഡ് സ്റ്റേജിലെത്തീന്നാ ഡോക്ടർ പറഞ്ഞത്. ഇനി എന്താ ചെയ്യേണ്ടതെന്ന് എനിക്ക് ഒരു ഊഹവും ഇല്ല. അമ്മ അവളെ ചേർത്തുപിടിച്ച് കരയാൻ തുടങ്ങി. നാളെത്തന്നെ അഡ്മിറ്റാകണമെന്നാണ് ഡോക്ടർ പറഞ്ഞത്.

മോള് അമ്മാവന്റെ വീട്ടിൽ പോയി നിന്നോ ഞങ്ങൾ വരുന്നതുവരെ. ഇല്ല, ഞാനും വരും നിങ്ങളുടെ കൂടെ.

വേണ്ട മോളെ എത്ര ദിവസം ആശുപത്രിയിൽ നിൽക്കേണ്ടി വരുമെന്ന് പറയാൻ പറ്റില്ല. മോള് ക്ലാസ് കളയണ്ട.. ഒന്നും മിണ്ടാതെ അവൾ മുറിയിലേക്ക് പോയി. പതിയെ പതിയെ ആണ് അച്ഛന്റെ ഓർമ്മ മങ്ങി തുടങ്ങിയത്. അത് ആദ്യമൊന്നും കാര്യമാക്കിയില്ല. പിന്നീട് ഒരു ദിവസം അച്ഛൻ വീട്ടുവളപ്പിൽ വീണ് ആശുപത്റിയിൽ എത്തിച്ചപ്പോഴാണ് അച്ഛന് അൽഷിമേഴ്സ് ബാധിച്ച വിവരം അറിഞ്ഞത്. ഒന്നിനെയും പറ്റി ഓർമ്മയില്ലാത്ത അവസ്ഥ. പിന്നീട് വീട്ടിലെ കളിയും ചിരിയുമെല്ലാം ഇല്ലാതെയായി. എന്നും നിറകണ്ണുകളോടെ അച്ഛനോട് വിടപറഞ്ഞായിരുന്നു അവൾ സ്കൂളിലേക്ക് പോയിക്കൊണ്ടിരുന്നത്. അവൾ തന്റെ സുഹൃത്തുക്കളോടുപോലും അച്ഛന്റെ അസുഖത്തെക്കുറിച്ച് പറഞ്ഞിരുന്നില്ല.ആരും അച്ഛനെ ഒരു രോഗിയായി കാണുന്നത് അവൾക്ക് സഹിക്കാൻ കഴിയില്ലായിരുന്നു.അദ്ദേഹത്തിന്റെ ഓർമ്മയിൽ പഴയ കാര്യങ്ങൾ മാത്രമായി.

നാളെ അച്ഛൻ ആശുപത്രിയിൽ പോകുവാ. എനിക്കെന്റെ അച്ഛനെ തിരിച്ച് പഴയപോലെ തരുലേ നീയ്.... ദൈവത്തോട് പരിഭവം പറഞ്ഞ് അവൾ അച്ഛനിരിക്കുന്ന കസേരയുടെ കാൽക്കൽ ചെന്നിരുന്ന് പണ്ട് അച്ഛന് ഏറ്റവും ഇഷ്ടപ്പെട്ട 'സന്ദർശനം' കവിത ചൊല്ലിക്കേൾപ്പിച്ചു.സാധാരണ കവിത ചൊല്ലിക്കഴിയുമ്പോൾ അവളുടെ തെറ്റുകൾ പറഞ്ഞുകൊടുക്കുകയും അവളെ അഭിനന്ദിക്കുകയും ചെയ്തിരുന്ന അച്ഛൻ ഒരു വാക്കുപോലും മിണ്ടാതെ വിദൂരതയിലേക്ക് ദൃഷ്ടി ഉറപ്പിച്ച് അവളെ ശ്രദ്ധിക്കാതെ നോക്കിയിരുന്നു.

***************

# നന്ദി

ബി.വി.ജെ.എം ഹൈസ്കൂളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐ.ടി കൂട്ടായ്മ പുറത്തിറക്കിയ ഇ-മൊഴി മാഗസിൻ കുറേ ആളുകളുടെ നിരവധി ദിവസത്തെ അധ്വാനത്തിന്റെ ഫലമാണ്. ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും ഞങ്ങൾ ഓർക്കുന്നു.

രാധാകൃഷ്ണൻ സാറും ബിന്ദു ടീച്ചറും അന്ന ടീച്ചറും സിനി സിസ്റ്ററും രജീഷ് സാറും ഈ പ്രയത്നത്തിന് എപ്പോഴും മുന്നിലുണ്ടായിരുന്നു. അവർ തന്നെയാണ് ഈ മാഗസിന്റെ കാതലും. കൂടാതെ മാഗസിന്റെ വിജയത്തിനായി അനുഗ്രഹങ്ങളും പ്രാർത്ഥനകളും നൽകിയ പ്രധാനാധ്യാപിക മോളിടീച്ചർക്കും പ്രിൻസിപ്പൽ ജേക്കബ് സാറിനും മാനേജർ റവ.ഫാ.ഫിലിപ്പ് ഇരുപ്പക്കാട്ടിനും നന്ദി അറിയിക്കുന്നു.

ഈ മാഗസിന്റെ വിജയത്തിനായി പ്രയത്നിച്ച എല്ലാ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്കും ടീച്ചേഴ്സിനും സൃഷ്ടികൾ നൽകിയ എല്ലാ കൂട്ടുകാർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ സമർപ്പിക്കുന്നു..............

e മൊഴി
e-മാഗസിൻ



BVJMHSS
PERUMPADAVE

BVJMHSS
PERUMPADAVE